പുസ്തകം 1. ലക്കം 2.

ഏപ്രിൽ - ജൂൺ 2012

ഒരു വർഷത്തേയ്ക്ക് : 60 രൂപ

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org

# വിഷയവിവരം

1. നാമാമൃതസ്തോത്രം

2

2. ലളിതാസഹസ്രനാമം വ്യാഖ്യാനം

7

3. സംസ്കൃതപഠനം

14

4. സോഷ്യലിസം ഭാഗവതത്തിൽ

17

5. ശ്രീകൃഷ്ണ ദർശനം

20

6. ശംഖിന്റെ മഹത്ത്വവും
സവിശേഷതകളും

27

7. തന്ത്രശാസ്ത്രത്തിന് ഒരു ആമുഖം

30

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
സി.എം. കൃഷ്ണനുണ്ണി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
അജിതൻ പി.ഐ.
വിഷ്ണു ആനന്ദ് എൻ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
ശ്രീപുരം പബ്ലിക്കേഷനുവേണ്ടി
ശ്രീകാന്ത് സി.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മമ ഓഫ്സെറ്റ് പ്രിന്റ്,
നട, ഇരിങ്ങാലക്കുട

# നാമാമൃതസ്തോത്രം

സമ്പാദകൻ : ഡി. പ്രകാശ്

ഒരു ദിവസം നാരദൻ യായതിമഹാരാജാവിനെ സന്ദർശിച്ചതിനശേഷം ഇന്ദ്രന്റെ അടുക്കലെത്തി. നഹുഷന്റെ വീര്യവാനായ പുത്രൻ യയാതി മഹാപുണ്യശാലിയും ധർമ്മാത്മാവും സകലഗുണങ്ങളോടുകൂടിയവനും ആയിരം അശ്വമേധയാഗവും ആയിരം വാജപേയയാഗവും നടത്തിയവനുമാണെന്ന് നാരദമഹർഷിയിൽനിന്ന് കേട്ട ഇന്ദ്രൻ തന്റെ ദേവേന്ദ്രപദവിക്ക് കോട്ടം വരുമോ എന്ന് ഭയന്നു. എന്തെങ്കിലും സൂത്രമുപയോഗിച്ച് യയാതിയെ സ്വർഗ്ഗത്തിലേയ്ക്ക് കൊണ്ടുവന്ന് മിത്രമാക്കി മറ്റാൻ തന്റെ സാരഥിയായ മാതലിയെ ഭൂമിയിലേയ്ക്ക് അയച്ചു. മാതലി ഭൂമിയിൽ വന്ന് മൃത്യുലോകത്തിലേയും മനുഷ്യശരീരത്തിലേയും കഷ്ടതകളെക്കുറിച്ചും സ്വർഗ്ഗസുഖത്തെക്കുറിച്ചും യയാതിയെ ധരിപ്പിച്ചു. സ്വർഗ്ഗസുഖത്തെക്കുറിച്ച് മനസ്സിലായെങ്കിലും എന്റെ തപസ്സുകൊണ്ടും ധർമ്മാചരണംകൊണ്ടും ഞാൻ ഈ ഭൂമിയെത്തന്നെ സ്വർഗ്ഗമാക്കി മാറ്റാൻ ആഗ്രഹിക്കുന്നു എന്ന് യയാതി മാതലിയോട് പ്രതിവചിച്ചു. മാതലി പോയതിനുശേഷം യയാതി തന്റെ പ്രധാനദൂതന്മാരെ വിളിച്ചുവരുത്തിയിട്ട് ഇപ്രകാരം ആജ്ഞാപിച്ചു. നാമാമൃതമാകുന്ന ഈ സന്ദേശം ഭൂമിയിൽ എല്ലായിടത്തും പ്രചരിപ്പിക്കുക. ജനങ്ങൾ അതനുസരിച്ച് ജീവിക്കട്ടെ എന്ന്. പദ്മപുരാണാന്തർഗതമായ ഈ നാമാമൃതമാണ് താഴെ കൊടുക്കുന്നത്.

ശ്രീകേശവം ക്ലേശഹരം വരേണ്യ-
മാനന്ദരൂപം പരമാർത്ഥമേവ
നാമാമൃതം ദോഷഹരം തു രാജ്ഞാ
ആനീതമത്രൈവ പിബന്തു ലോകാഃ

സാരം : ഭഗവാൻ കേശവൻ എല്ലാവരുടെയും ക്ലേശം ഇല്ലാതാക്കുന്നവനാകുന്നു. അദ്ദേഹം സർവ്വശ്രേഷ്ഠനും ആനന്ദംതന്നെ സ്വരൂപമായിട്ടുള്ളവനും ലോകത്തിലെ പരമാർത്ഥതത്ത്വവും ആകുന്നു. ദോഷങ്ങളെ ഇല്ലാതാക്കുന്ന ഈ നാമമാകുന്ന അമൃത് ഇവിടെ കൊണ്ടുവന്നിരിക്കുന്നത് രാജാവാകുന്നു. എല്ലാ ലോകരും ഈ അമൃത് സേവിക്കു.

ശ്രീപദ്മനാഭം കമലേക്ഷണം ച
ആധാരരൂപം ജഗതാം മഹേശം
നാമാമൃതം ദോഷഹരം തു രാജ്ഞാ
ആനീതമത്രൈവ പിബന്തു ലോകാഃ

സാരം : ഭഗവാൻ വിഷ്ണുവിന്റെ നാഭിയിൽനിന്ന് ബ്രഹ്മാവിന്റെ ഇരിപ്പിടമാകുന്ന താമര ഉദ്ഭവിച്ചു. അതുകൊണ്ട് മഹാവിഷ്ണു ശ്രീപദ്മനാഭനായി. താമരപോലെ സുന്ദരമായ കണ്ണുകളുള്ളതുകൊണ്ട് കമലേക്ഷണനമായി. ഈ മഹേശൻ ലോകത്തിനു മുഴുവൻ ആധാരവുമാകുന്നു. ദോഷങ്ങളെ ഇല്ലാതാക്കുന്ന ഈ നാമമാകുന്ന അമൃത് ഇവിടെ കൊണ്ടുവന്നിരിക്കുന്നത് രാജാവാകുന്നു. എല്ലാ ലോകരും ഈ അമൃത് സേവിക്കു.

പാപാപഹം വ്യാധിവിനാശരൂപ-
മാനന്ദദം ദാനവദൈത്യനാശനം
നാമാമൃതം ദോഷഹരം തു രാജ്ഞാ
ആനീതമത്രൈവ പിബന്തു ലോകാഃ

സാരം : പാപത്തെ ദൂരീകരിക്കുന്നതും രോഗങ്ങളെ നശിപ്പിക്കുന്നതും സന്തോഷത്തെ തരുന്നതും അസുരന്മാരെ നശിപ്പിക്കുന്നതുമാകുന്നു ഈ നാമാമൃതം. ദോഷങ്ങളെ ഇല്ലാതാക്കുന്ന ഈ നാമമാകുന്ന അമൃത് ഇവിടെ കൊണ്ടുവന്നിരിക്കുന്നത് രാജാവാകുന്നു. എല്ലാ ലോകരും ഈ അമൃത് സേവിക്കു.

യജ്ഞാംഗരൂപം ച വമാംഗപാണിം
പുണ്യാകരം സൗഖ്യമനന്തരൂപം
നാമാമൃതം ദോഷഹരം തു രാജ്ഞാ
ആനീതമത്രൈവ പിബന്തു ലോകാഃ

സാരം : യജ്ഞം ഭഗവാന്റെ അംഗമാകുന്നു. അദ്ദേഹത്തിന്റെ കൈകൾക്ക് സുദർശനചക്രം ശോഭ നൽകുന്നു. ഭഗവാൻ പുണ്യത്തിന്റെ നിധിയും സുഖം നൽകുന്നവനുമാകുന്നു. അദ്ദേഹത്തിന്റെ സ്വരൂപത്തിന് ഒരു അവസാനവുമില്ല. ദോഷങ്ങളെ ഇല്ലാതാക്കുന്ന ഈ നാമമാകുന്ന അമൃത് ഇവിടെ കൊണ്ടുവന്നിരിക്കുന്നത് രാജാവാകുന്നു. എല്ലാ ലോകരും ഈ അമൃത് സേവിക്കു.

വിശ്വാധിവാസം വിമലം വിരാമം
രാമാഭിധാനം രമണം മുരാരിം
നാമാമൃതം ദോഷഹരം തു രാജ്ഞാ
ആനീതമത്രൈവ പിബന്തു ലോകാഃ

സാരം : എല്ലാ ലോകവും വിഷ്ണുവിൽ കുടികൊള്ളുന്നു. നിർമ്മലനായ അദ്ദേഹം എല്ലാവർക്കും വിശ്രമം നൽകുന്നവനാകുന്നു. എല്ലാവരിലും രമിക്കുന്നവനാകുന്ന അദ്ദേഹം രാമനാമത്താൽ പ്രസിദ്ധനാകുന്നു. മുരൻ എന്ന അസുരന്റെ ശത്രുവുമാകുന്നു. ദോഷങ്ങളെ ഇല്ലാതാക്കുന്ന ഈ നാമ

മാകുന്ന അമൃത് ഇവിടെ കൊണ്ടുവന്നിരിക്കുന്നത് രാജാവാകുന്നു. എല്ലാ ലോകരും ഈ അമൃത് സേവിക്കു.

ആദിത്യരൂപം തമസാം വിനാശം
ചന്ദ്രപ്രകാശം മലപങ്കജാനാം
നാമാമൃതം ദോഷഹരം തു രാജ്ഞാ
ആനീതമത്രൈവ പിബന്തു ലോകാഃ

സാരം : കേശവൻ ആദിത്യസ്വരൂപനും ഇരുട്ട് ഇല്ലാതാക്കുന്നവനും ചെളിയിൽ വളരുന്ന താമരകൾക്ക് ചന്ദ്രപ്രകാശവുമാകുന്നു. ദോഷങ്ങളെ ഇല്ലാതാക്കുന്ന ഈ നാമമാകുന്ന അമൃത് ഇവിടെ കൊണ്ടുവന്നിരിക്കുന്നത് രാജാവാകുന്നു. എല്ലാ ലോകരും ഈ അമൃത് സേവിക്കു.

സഖഡ്ഗപാണിം മധുസൂദനാഖ്യം
തം ശ്രീനിവാസം സഗുണം സുരേശം
നാമാമൃതം ദോഷഹരം തു രാജ്ഞാ
ആനീതമത്രൈവ പിബന്തു ലോകാഃ

സാരം : നന്ദനം എന്ന വാൾ കയ്യിൽ ഉള്ളവനും മധുസൂദനൻ എന്ന പേരിൽ പ്രസിദ്ധനും ലക്ഷ്മീദേവിയുടെ നിവാസസ്ഥാനവും ഗുണങ്ങളോടുകൂടിയവനും ദേവന്മാരുടെ ഈശ്വരനുമാണ് മഹാവിഷ്ണു. ദോഷങ്ങളെ ഇല്ലാതാക്കുന്ന ഈ നാമമാകുന്ന അമൃത് ഇവിടെ കൊണ്ടുവന്നിരിക്കുന്നത് രാജാവാകുന്നു. എല്ലാ ലോകരും ഈ അമൃത് സേവിക്കു.


നാമാമൃതം ദോഷഹരം സുപുണ്യ
മധീത്യ യോ മാധവവിഷ്ണുഭക്തഃ
പ്രഭാതകാലേ നിയതോ മഹാത്മാ
സ യാതി മുക്തിം ന ഹി കാരണം ച

സാരം : ഈ നാമാമൃതം എല്ലാദോഷങ്ങളേയും നിവാരണം ചെയ്യുന്നതും ഉത്തമപുണ്യജനകവുമാണ്. ലക്ഷ്മീപതിയായ വിഷ്ണുവിൽ ഭക്തിയുള്ള യാതൊരു മഹാപുരുഷനാണോ ദിവസംതോറും നിയമപൂർവ്വം ഇത് പഠിക്കുന്നത് അയാൾ നിശ്ചയമായും മുക്തനായി തീരും.

ന ധനം ന ജനം ന സുന്ദരീം
കവിതാം വാ ജഗദീശ കാമയേ
മമ ജന്മനി ജന്മനീശ്വരേ
ഭവതാത് ഭക്തിരഹൈതുകീ ത്വയി

(ചൈതന്യമഹാപ്രഭു , ശിക്ഷാഷ്ടകം 4)

സാരം : അല്ലയോ ജഗദീശ്വര, ഞാൻ ധനശക്തി, ജനശക്തി, സുന്ദരി, കവിത എന്നിവ ആഗ്രഹിക്കുന്നില്ല. എനിക്ക് ജന്മംതോറും ഈശ്വരനിൽ അകാരണമായ ഭക്തി ഉണ്ടാകണമേ.



## ഉത്തരസഞ്ചയിക

ശാംഭവിയുടെ മാന്യവായനക്കാർക്ക് തന്ത്രശാസ്ത്രവുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിനായി ഒരു പുതിയ പംക്തി 'ഉത്തരസഞ്ചയിക' എന്ന പേരിൽ ആരംഭിച്ചുവല്ലോ. ഇതിൽ വായനക്കാർക്ക് തന്ത്രശാസ്ത്രവുമായി ബന്ധപ്പെട്ട ഏതു സംശയവും ഉന്നയിക്കാവുന്നതാണ്. ലഭിക്കുന്ന ചോദ്യങ്ങളിൽനിന്നും തിരഞ്ഞെടുക്കുന്ന ഏറ്റവും പ്രസക്തമായ സംശയങ്ങൾക്കുള്ള മറുപടി ശാംഭവിയുടെ തുടർന്നുള്ള ലക്കങ്ങളിലൂടെ പ്രസിദ്ധീകരിക്കുന്നതാണ്. എല്ലാ മാന്യവായനക്കാരുടേയും സജീവവും സർഗ്ഗാത്മകവുമായ പിന്തുണ ഈ പംക്തിയിൽ ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഇതിലേയ്ക്ക് ചോദ്യങ്ങൾ അയയ്ക്കേണ്ട വിലാസം : ശ്രീപുരം താന്ത്രിക ഗവേഷണകേന്ദ്രം, മാടായിക്കോണം, ഇരിങ്ങാലക്കുട, തൃശ്ശൂർ 680 712.

ഉത്തരസഞ്ചയികയിലേയ്ക്ക് സംശയങ്ങൾ എഴുതി അയച്ച എല്ലാ മാന്യവായനക്കാർക്കും ഞങ്ങളുടെ നന്ദി. ലഭിച്ച ചോദ്യങ്ങളിൽനിന്നും ഇത്തവണ തെരഞ്ഞെടുത്ത ഒരു ചോദ്യവും അതിനുള്ള ഉത്തരവും ഇതിനോടൊപ്പം നല്കുന്നു.

**ചോദ്യം : ധർമ്മവും സദാചാരവും** ഒന്നാണോ?

എം. രാജീവ്, വർക്കല.

**ഉത്തരം : ഒന്നല്ല. രണ്ടാണ്. അല്പംകൂ**ടി വിശദമാക്കാം.

**ധർമ്മം**

ധർമ്മം എന്നാൽ സ്വഭാവമെന്നർത്ഥം. സ്വന്തം ഭാവമാണ് സ്വഭാ

വം. ഒരാളുടെ ഉള്ളിലുള്ള യഥാർത്ഥഭാവമാണ് സ്വാഭാവം. ഇത് അയാളുടെ ജന്മസിദ്ധമായ ഗുണം, കഴിവ്, അഭിരുചി എന്നിവയുടെ ആകത്തുകയാണ്. അവ പ്രതിവ്യക്തി ഭിന്നമായിരിയ്ക്കും. ഇതാണ് നമ്മളെ നമ്മളാക്കിത്തീർത്തിരിയ്ക്കുന്നത്. നമ്മൾ സ്വപ്രയത്നം നിർവ്വഹിയ്ക്കേണ്ടത് ഇതിന് അനുഗുണമായിരിക്കണം. ഇപ്രകാരം സ്വഭാവമെന്ന ധർമ്മത്തിന്റെ അടിസ്ഥാനത്തിൽ അർത്ഥമോക്ഷങ്ങൾ നേടുവാനുള്ള സരളോപായമാണ് തന്ത്രമാർഗ്ഗം. ഒരാൾ ചിന്തിയ്ക്കാൻ ഉപയോഗിയ്ക്കുന്ന ബുദ്ധി, ഭാവന ചെയ്യാൻ ഉപയോഗിയ്ക്കുന്ന മനസ്സ്, ഓർമ്മിയ്ക്കാൻ ഉപയോഗിയ്ക്കുന്ന ചിത്തം, അഹങ്കരിയ്ക്കാൻ ഉപയോഗിയ്ക്കുന്ന അഹങ്കാരം, ഇന്ദ്രിയങ്ങൾ എന്നിവയുടെയെല്ലാം ഊർജ്ജസ്വലതയും ശക്തിയും കണക്കാക്കിയാണ് ഗുരു തന്ത്രത്തിൽ പ്രവർത്തിപ്പിയ്ക്കുന്നത്.

**സദാചാരം**

കൃത്യമായി മറ്റുള്ളവർക്ക് ബോദ്ധ്യമാകുന്നവിധത്തിൽ മതാനുഷ്ഠാനങ്ങൾ നടത്തുക, സ്കൂളിലെ ടീച്ചർമാരുടെ 'നല്ല കുട്ടികളെ' പോലെ പെരുമാറുക എന്നെല്ലാമാണ് സദാചാരം എന്ന് മനസ്സിലാക്കി വച്ചിരിക്കുന്നത് തെറ്റാണ്. സത്ത് എന്നാൽ നല്ലത്. നല്ലതിന്റെ ആചരണം സദാചാരം. നല്ലത് ധാർമ്മികമൂല്യങ്ങളാണ്. ഒരാളുടെ സ്വഭാവം (മുൻപ്പറയപ്പെട്ട പ്രകാരമുള്ള) പുഷ്ടിപ്പെടുമ്പോഴാണ് അവനവനും മറ്റുള്ളവർക്കും സുഖമുണ്ടാകുന്ന മൂല്ല്യങ്ങൾ ഉയർന്നു വരിക. ആ മൂല്ല്യങ്ങളിൽ ഊന്നിക്കൊണ്ടു ബാഹ്യലോകവുമായുള്ള ഇടപെടലാണ് ഒരാളുടെ സദാചാരം. ഇപ്രകാരം ധർമ്മാനുസൃതമായ (സ്വഭാവം) പ്രവൃത്തിയുടെ ഉപോല്പന്നമായ ഒരു സാമൂഹിക ഇടപെടൽ മാത്രമാണ് സദാചാരം. ആ സാമൂഹിക ഇടപെടൽ (സദാചാരം) സ്വസുഖത്തോടൊപ്പം പരസുഖവും പ്രദാനം ചെയ്യും. ദുർവ്വാസാവിന്റെ ക്രോധവും രത്നാകരന്റെ മോഷണവുമെല്ലാം ലോകോപകാരമായത് ഓർക്കുമല്ലോ. അതുകൊണ്ട് ഒരാളുടെ വ്യക്തിഗതവും ജന്മസിദ്ധവുമായ ഗുണം കഴിവ് മുതലായ ഏതും (ക്രോധാദിയും അദ്ധ്യപനാദിയും) പ്രത്യക്ഷത്തിൽ മോശം അഥവാ നല്ലത് എന്നിങ്ങനെ തോന്നാമെങ്കിലും തന്ത്രപരമായി പ്രയോഗിച്ചാൽ ലോകോപകാരമായി മാറും

## ചിന്താരത്നം

പരിത്യാഗത്തിലല്ല എന്റെ വിമുക്തി. ആനന്ദത്തിന്റെ ഒരായിരം ബന്ധനങ്ങളിലൂടെ ഞാൻ സ്വാതന്ത്ര്യത്തിന്റെ ആലിംഗനമറിയുന്നു.

-ടാഗോർ

# ലളിതാസഹസ്രനാമം വ്യാഖ്യാനം

എൽ. ഗിരീഷ്കുമാർ

2. ഉദ്യദ്ഭാനുസഹസ്രാഭാ ചതുർബാഹുസമന്വിതാ
   രാഗസ്വരൂപപാശാഢ്യാ ക്രോധാകാരാങ്കുശോജ്ജ്വലാ

ഉദ്യദ്ഭാനുസഹസ്രാഭാ = ആയിരക്കണക്കിന് ഉദയസൂര്യന്മാരുടെ ശോഭയോട് കൂടിയവൾ.

വിശേഷാർത്ഥങ്ങൾ :

1. അകക്കണ്ണുകൊണ്ട് കാണേണ്ടവൾ
2. ദേവി ശിവശക്തിസ്വരൂപിണി

**ആയിരക്കണക്കിന് ഉദയസൂര്യന്മാരുടെ ശോഭയോട് കൂടിയവൾ**

ദേവി ആരാണ്, എവിടെ നിന്ന് വന്നു, എന്തിന് വന്നു എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരമായിട്ടാണ് ആദ്യത്തെ അഞ്ചു നാമങ്ങൾ എന്ന് നാം കണ്ടു. സ്വാഭാവികമായും നമ്മുടെ അടുത്ത ചോദ്യം ആ ദേവി എങ്ങനെയിരിക്കും എന്നാണ്. അതിനുള്ള ഉത്തരമാണ് ഈ നാമം. ഈ നാമത്തിലെ സഹസ്രശബ്ദം അസംഖ്യമെന്ന അർത്ഥത്തിലാണ്. ആയിരക്കണക്കിന് സൂര്യന്മാർ ഒന്നിച്ച് ഉദിക്കുമ്പോഴുള്ള ശോഭ എപ്രകാരമുണ്ടോ അപ്രകാരമുള്ള ശോഭയോട് കൂടിയവളാണ് ഈ ദേവി. കരചരണാദ്യവയവങ്ങളോട്ടുകൂടി ദേവിയെ കാണുന്നതിനുമുമ്പ് അമിത ശോഭയോട്ടുകൂടിയവളാണ് ദേവിയെന്ന് പറയാൻ ഒരു കാരണമുണ്ട്. ആ വ്യംഗ്യമായ അർത്ഥമാണ് അടുത്തത്.

**1. അകക്കണ്ണുകൊണ്ട് കാണേണ്ടവൾ**

ഒരു സൂര്യന്റെ പ്രഭതന്നെ നഗ്നനേത്രംകൊണ്ട് നോക്കുവാൻ സാധിക്കുകയില്ല. അപ്പോൾ എണ്ണമറ്റ സൂര്യന്മാരുടെ പ്രഭ ഒരിക്കലും നഗ്നനേത്രംകൊണ്ട് സംവേദ്യമാവുകയില്ലല്ലോ. നഗ്നനേത്രങ്ങൾക്ക് സഹജമായ പരിമിതിയുള്ളതുകൊണ്ട് അപരിമിതമായ ദേവിയുടെ ശോഭയെ ഉൾക്കൊള്ളുവാനോ ദൃഷ്ടിഗോചരമാക്കുവാനോ സാധിക്കുകയില്ല . അപരിമിതമായ ആ ശോഭയെ മനസ്സിലാക്കുവാൻ നമ്മുടെ അകക്കണ്ണ് തുറക്കുകതന്നെ വേണം. അകക്കണ്ണ് തുറക്കുവാൻ ഗുരുവിനെ ആവശ്യമുണ്ട്. അജ്ഞാനമാകുന്ന തിമിരത്താൽ ഇരുളടഞ്ഞതായ അകക്കണ്ണിനെ ജ്ഞാനശലാകകൊണ്ട് തുറക്കുന്നവനാണ് ഗുരു. അങ്ങനെ തുറന്നതായ നമ്മുടെ അകത്തെ കണ്ണുകൊണ്ടാണ് ദേവിയെ ശരിക്കും ദർശിക്കുവാൻ സാധിക്കുക എന്ന ഒരു വ്യംഗ്യാർത്ഥവും ഈ നാമത്തിന് വന്നുചേരുന്നു.

**2. ദേവി ശിവശക്തിസ്വരൂപിണി**

ഒരു വലിയ ഗ്രന്ഥത്തിൽ അതിന്റെ സാരമായ ആശയതലങ്ങളെ ആമുഖമായി പ്രഥമഖണ്ഡികയിൽതന്നെ സൂചിപ്പിക്കുന്നതുപ്പോലെ പറയാൻ പോകുന്നതായ നാമങ്ങളുടെ അർത്ഥതലങ്ങളെ ഇവിടെ പറയുന്നു. ഇവിടെ ദേവിയുടെ ശോഭയെ ഉദയസൂര്യന്റെ ശോഭയോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. ചവപ്പുമല്ല വെളുപ്പുമല്ല എന്നതാണ് ഉദയസൂര്യന്റെ പ്രഭയുടെ പ്രത്യേകത. ചുവപ്പും വെളുപ്പും ചേർന്നാലാണ് ഉദയസൂര്യന്റെ വർണ്ണമാകുന്നത്. അതാണ് സിന്ദൂരവർണ്ണം. ഇപ്രകാരം വെളുപ്പും ചുവപ്പും കലർന്നതായ ഉദയസൂര്യന്റെ പ്രഭയാണ് ദേവി. തന്ത്രശാസ്ത്രത്തിൽ വെളുപ്പ് ശിവന്റെ പ്രതീകവും ചുവപ്പ് ശക്തിയുടെ പ്രതീകവുമാണ്. അങ്ങനെ ഈ നാമത്തിലൂടെ ദേവി ശിവശക്തിസ്വരൂപിണിയാണെന്നുകൂടി വ്യക്തമാകുന്നു .

ചതുർബാഹുസമന്വിതാ = നല്ലവണ്ണം ചേർന്നിരിക്കുന്ന നാലു കൈകളോട് കൂടിയവൾ

വിശേഷാർത്ഥങ്ങൾ :

1. സൃഷ്ടിസ്ഥിതിസംഹാരിണി
2. ശിക്ഷയും രക്ഷയും നടപ്പാക്കുന്നവൾ
3. കാലിടറുന്നിടത്ത് കൈത്താങ്ങ്

നല്ലവണ്ണം ചേർന്നിരിക്കുന്ന നാലു കൈകളോടുകൂടിയവൾ. ദേവിയ്ക്ക് കൈകൾ നാലാണെന്നും അവ മറ്റ് അവയവങ്ങൾക്ക് തുല്യമായ രീതിയിൽ ദേവിയിൽ ചേർന്നിരിക്കുന്നുവെന്നും ഇതിനർത്ഥം.

**1. സൃഷ്ടിസ്ഥിതിസംഹാരിണി**

സാധാരണയായി സ്തുതിയിൽ ദേവീദേവന്മാരെ പാദാദികേശമായിട്ടോ (കാലുമുതൽ മേല്പോട്ടു തലവരെ) കേശാദിപാദമായിട്ടോ (തലമുതൽ കീഴ്പോട്ടു പാദംവരെ) ആയിരിക്കും വർണ്ണിക്കുക. അതുകൊണ്ട് ആദ്യം കാലിനെയോ തലയെയോ ആണ് വർണ്ണിച്ചു തുടങ്ങേണ്ടത്. എന്നാൽ ഇവിടെ ദേവിയുടെ കൈകളെയാണ് ആദ്യം വർണ്ണിക്കുന്നത്. കൈകൾ കൊണ്ടാണല്ലോ കർമ്മം ചെയ്യുന്നത്. ദേവിയുടെ കർമ്മമാണ് ഈ പ്രപഞ്ചം. അതായത് ദേവിയാണ് ഇക്കാണുന്ന പ്രപഞ്ചത്തെ സൃഷ്ടിക്കുന്നത്. ഈ പ്രപഞ്ചത്തെ നിലനിർത്തുന്നതും ദേവിയാണ്. തന്നിലേയ്ക്ക് ഈ പ്രപഞ്ചത്തെ സംഹരിക്കുന്നതും ദേവിയാണ്. ഇപ്രകാരം സൃഷ്ടിസ്ഥിതിസംഹാരാദിപ്രവൃത്തികളെല്ലാം ദേവിയുടേത് എന്ന് സൂചിപ്പിക്കുവാനും സൃഷ്ട്യാദികളുടെ സവിശേഷതകളെ തുടർന്ന് പറയുവാനുമാണ് നാലു കൈകളോടുകൂടിയവളെന്ന് ഈ ശ്ലോകത്തിൽ രണ്ടാമതായി പറഞ്ഞത്. അടുത്ത നാമം ഇതിനെ സമർത്ഥിക്കുന്നു.

**2. ശിക്ഷയും രക്ഷയും നടപ്പാക്കുന്നവൾ**

ശിക്ഷയും രക്ഷയും നടപ്പാക്കുന്നവൾ മാത്രമല്ല രക്ഷിക്കുക, ശിക്ഷിക്കുക എന്നീ രണ്ട് കർമ്മവും കൈകളുടെതാണ് എന്ന അർത്ഥം ഇതിൽനിന്ന് മനസ്സിലാക്കാം. അതുകൊണ്ട് നമ്മളെ രക്ഷിക്കുവാനും ശിക്ഷിക്കുവാനും ശക്തിയുള്ളവളാണ് ദേവിയെന്ന് ഈ നാമം സൂചിപ്പിക്കുന്നു.

**3. കാലിടറുന്നിടത്ത് കൈത്താങ്ങ്**

സൃഷ്ടിസ്ഥിതിസംഹാരാദിപ്രവൃത്തികളും രക്ഷണവും ശിക്ഷണവും ദേവിയുടെ ജോലിയെങ്കിൽ നമ്മുടെ ജീവിതപ്രയാണത്തിൽ പ്രയാസങ്ങൾ അനുഭവിക്കുന്ന സമയത്ത് നമ്മളെ സഹായിക്കേണ്ടത് ദേവിയുടെ ഉത്തരവാദിത്വമാണ്. ആയതിനാൽ ജീവിതത്തിൽ നമ്മുടെ കാലിടറുന്നിടത്ത് ഒരു കൈത്താങ്ങായി ദേവിയുണ്ട് എന്ന ഉറപ്പും ഈ നാമത്തിലൂടെ ലഭിക്കുന്നു.

രാഗസ്വരൂപപാശാഢ്യാ = രാഗമാകുന്ന സ്വരൂപത്തോട് കൂടിയ കയറിനാൽ പ്രശസ്തയായവൾ

ദേവിയുടെ നാലു കൈകളിലൊന്നിൽ കയറാണ് ആയുധം. കയറിനെ ഇവിടെ രാഗമായിട്ടാണ് വിശേഷിപ്പിക്കുന്നത്. അങ്ങനെ രാഗമായിട്ടുള്ള കയറാകുന്ന ആയുധംകൊണ്ട് ശോഭിക്കുന്നവൾ എന്ന് അർത്ഥം.

വിശേഷാർത്ഥം :

1 . സൃഷ്ടിപ്രക്രിയയിലെ ആകർഷണമെന്ന പ്രവൃത്തി ചെയ്യുന്നവൾ

**1 . സൃഷ്ടിപ്രക്രിയയിലെ ആകർഷണമെന്ന പ്രവൃത്തി ചെയ്യുന്നവൾ**

ദേവിയുടെ നാലു കൈകൾ പ്രവൃത്തിയെ സൂചിപ്പിക്കുന്നു. അതിനുശേഷം പ്രവൃത്തി ചെയ്യാനുള്ള ദേവിയുടെ കയ്യിലെ ആയുധവിശേഷത്തെ പറയുന്നു. പ്രവൃത്തിയ്ക്കുവാനുപയോഗിക്കുന്നത് എന്തോ അത് ആയുധം. ദേവിയുടെ ഒരു കയ്യിലെ ആയുധം കയറാണ്. ആ കയറിന്റെ സ്വരൂപം രാഗമാണ്. രാഗമെന്നാൽ മമതയാണ്. രാഗമാണ് നമ്മളെ ഈ ലോകത്ത് നിലനിൽക്കാൻ സഹായിക്കുന്നത്. ലോകമെന്നത് നമ്മുടെ ബന്ധങ്ങളാണ്. അച്ഛൻ, അമ്മ, സഹോദരങ്ങൾ, മിത്രങ്ങൾ, ശത്രുക്കൾ എന്നിങ്ങനെയുള്ള ബന്ധങ്ങൾ ഉണ്ടാകുന്നത് ഈ രാഗം കൊണ്ടാണ്. ലോകബന്ധങ്ങൾക്ക് കാരണമായിട്ടുള്ള ആകർഷണസ്വഭാവത്തോടുകൂടിയ രാഗമാണ് ദേവിയുടെ കയ്യിലുള്ള ആയുധം. ലോകബന്ധങ്ങളെ ഊട്ടിയുറപ്പിച്ചുകൊണ്ട് ലോകനിലനില്പിനുവേണ്ടി പരസ്പരാകർഷണസ്വഭാവം ഉണ്ടാക്കുന്ന പ്രവൃത്തി ദേവി ചെയ്യുന്നത് രാഗമാകുന്ന കയറെന്ന ആയുധംകൊണ്ടാണ് എന്ന് സാരം. ഈ അർത്ഥലാഭത്തിനായി രാഗമെന്ന കയർകൊണ്ട് ശേഭിക്കുന്നവളായി ദേവിയെ വർണ്ണിച്ചു.

ക്രോധാകാരാങ്കുശോജ്ജ്വലാ = ക്രോധമാകുന്ന തോട്ടി കൊണ്ട് ശോഭിക്കുന്നവൾ

വിശേഷാർത്ഥം :

1 . സൃഷ്ടിപ്രക്രിയയിലെ വികർഷണമെന്ന പ്രവൃത്തി ചെയ്യുന്നവൾ. ക്രോധമാകുന്ന തോട്ടികൊണ്ട് ശോഭിക്കുന്നവൾ. ദേവിയുടെ മറ്റൊരു കയ്യിലെ ആയുധം തോട്ടിയാണ്. ക്രോധരൂപത്തിലുള്ളതാണ് ആ തോട്ടി. ഇങ്ങനെയുള്ള ആയുധത്താൽ അത്യധികം ശോഭിക്കുന്നവൾ എന്നർത്ഥം.

**1 . സൃഷ്ടിപ്രക്രിയയിലെ വികർഷണമെന്ന പ്രവൃത്തി ചെയ്യുന്നവൾ**

ഈ നാമത്തിലുള്ള അങ്കുശം ആനത്തോട്ടിയാണ്. ഈ ആനത്തോട്ടി ക്രോധമാണ്. ക്രോധമുണ്ടാകുമ്പോഴാണ് നാം പരസ്പരം അകന്നു പോകുന്നത്. രാഗം നമ്മളെ അടുപ്പിക്കുമ്പോൾ ക്രോധം നമ്മളെ അകറ്റുന്നു. ആകർഷണം എന്നപ്പോലെ വികർഷണവും സൃഷ്ടിപ്രക്രിയയിലെ ഒരു അനിവാര്യഘടകമാണ്. അങ്ങനെ ക്രോധമാകുന്ന തോട്ടിയെന്ന ആയുധത്താൽ വികർഷണമെന്ന പ്രവൃത്തി ചെയ്യുന്നവളായി ദേവിയെ ഈ നാമത്തിൽ വർണ്ണിക്കുന്നു.

ഇപ്രകാരം ആകർഷണം വികർഷണം എന്ന പ്രപഞ്ചത്തിന്റെ രണ്ട് അടിസ്ഥാനസ്വഭാവങ്ങളാണ് ദേവിയുടെ കൈകളിലെ (രാഗമാകുന്ന കയറും ക്രോധമാകുന്ന തോട്ടിയും) ഈ രണ്ട് ആയുധങ്ങൾ. പ്രപഞ്ചോത്പത്തിയുടെ സിദ്ധാന്തം (Big Bang theory of Astro Physics) വന്നപ്പോഴാണ് ഈ പ്രപഞ്ചമുണ്ടാകുവാനുള്ള നിദാനം ആകർഷണ വികർഷണങ്ങളാണെന്ന് ലോകം അറിയുന്നത്. ഇതിന് എത്രയോ മുമ്പ് ലളിതാസഹസ്രനാമത്തിൽ പ്രപഞ്ചസ്വരൂപിണിയായ ദേവിയുടെ രണ്ടു കൈകളിലായി ആയുധങ്ങളായി ഋഷി പറഞ്ഞിട്ടുള്ളത് ഈ ആകർഷണവികർഷണങ്ങളെയാണ്. പ്രപഞ്ചോത്പത്തിക്കു മുമ്പ് ഒരു ശക്തി മാത്രമേ ഉണ്ടായിരുന്നുള്ളു. അത് എന്തോ കാരണത്താൽ സാന്ദ്രമായി തീർന്ന് പലഭാഗത്തും മാറ്ററായി പരിണമിച്ചുവെന്നും തുടർന്ന് അവ എന്തോ കാരണത്താൽ ആകർഷിക്കുവാനും വികർഷിക്കുവാനും തുടങ്ങി. ആകർഷണവികർഷണങ്ങളുടെ ഭാഗമായി ചൂടു ഉണ്ടാകുകയും തത്ഫലമായി മാറ്ററുകൾ വികസിച്ച് വലിയ ശബ്ദത്തോടെ പൊട്ടി പ്രപഞ്ചമുണ്ടായി എന്നുമാണ് ആധുനികശാസ്ത്രം പറയുന്നത്. ശക്തി സാന്ദ്രമാകാനും ആകർഷണവികർഷണങ്ങളുണ്ടാകാനുമുള്ള കാരണം ആധുനികശാസ്ത്രത്തിന് ഇന്നും അറിഞ്ഞുകൂടാ. ഈ ആകർഷണവികർഷണങ്ങളാണ് ലളിതാപരമേശ്വരിയുടെ കൈകളിലെ (രാഗമാകുന്ന കയറും ക്രോധമാകുന്ന തോട്ടിയും) ഇപ്പറഞ്ഞ രണ്ടു ആയുധങ്ങളെന്ന് ഈ രണ്ടു നാമങ്ങളിൽ

എത്ര മനോഹരമായി വർണ്ണിച്ചിരിക്കുന്നു.

3. മനോരൂപേക്ഷുകോദണ്ഡാ പഞ്ചതന്മാത്രസായകാ
നിജാരുണപ്രഭാപൂരമജ്ജദ്ബ്രഹ്മാണ്ഡമണ്ഡലാ

മനോരൂപേക്ഷുകോദണ്ഡാ = മനസ്സിന്റെ രൂപത്തിലുള്ള കരിമ്പ് കൊണ്ട് ഉണ്ടാക്കിയ വില്ലോട്കൂടിയവൾ.

വിശേഷാർത്ഥം :

ഇക്കാണുന്ന പ്രപഞ്ചത്തെ മുന്നോട്ട് കൊണ്ടുപോകുന്നവൾ.

**മനസ്സിന്റെ രൂപത്തിലുള്ള കരിമ്പ് കൊണ്ട് ഉണ്ടാക്കിയ വില്ലോട്കൂടിയവൾ**

മനസ്സിന്റെ രൂപത്തിലുള്ള കരിമ്പ് വില്ലോട്കൂടിയവൾ. മനോരൂപേക്ഷുകോദണ്ഡാ, പഞ്ചതന്മാത്രസായകാ ഈ രണ്ടു നാമങ്ങൾ പ്രപഞ്ചോത്പത്തിയ്ക്ക് നിദാനമായി വർത്തിയ്ക്കുന്നവളെന്നർത്ഥത്തിലാണ്. ഇക്ഷു എന്നാൽ കരിമ്പെന്നർത്ഥം. കോദണ്ഡശബ്ദം വില്ലിനെ കുറിയ്ക്കുന്നു. അപ്പോൾ ദേവി കരിമ്പ് കൊണ്ട് ഉണ്ടാക്കിയ വില്ല് പിടിച്ചിരിയ്ക്കുന്നവളാണ് എന്ന് പറയാം. എന്നാൽ ഈ കരിമ്പ് വില്ലിന് മനസ്സിന്റെ ആകൃതിയാണ്. ഇവിടെ രൂപം സാദൃശ്യത്തെ പറയുന്നു. അങ്ങനെ ഇവിടെ മനസ്സ് കരിമ്പാണ് അഥവാ മനോരൂപത്തിലുള്ള കരിമ്പാണ് വില്ലുണ്ടാക്കാൻ ഉപയോഗിച്ചതെന്ന് മനസ്സിലാക്കാം. ഇങ്ങനെ നോക്കുമ്പോൾ കരിമ്പിന്റെ ഗുണങ്ങളുള്ള മനസ്സാകുന്ന വില്ലാണ് ദേവി പിടിച്ചിരിക്കുന്നത് എന്ന് കാണാം. ഇത് വെറും കരിമ്പുവില്ല് അല്ല. കരിമ്പിന്റെ ഗുണമുള്ള മനസ്സാകുന്ന വില്ലാണ് ദേവി പിടിച്ചിരിക്കുന്നത് എന്ന് അർത്ഥം പറയണം.

മനസ്സിനെ ഇവിടെ കരിമ്പിനോട് ഉപമിയ്ക്കാൻ ഒരു കാരണമുണ്ട്. നമ്മുടെ ജീവിതത്തിൽ ഏതു വിധത്തിലുമുള്ള ചിന്തകളും തടസ്സങ്ങളും മനസ്സിനെ കഠിനമായി അലട്ടിയാലും മനസ്സിനോട് നമുക്ക് മടുപ്പ് തോന്നുകയില്ല. ആന കരിമ്പ് ചവച്ച് അരച്ച് അവസാനത്തെ നീരുപോലും ഊറ്റി കുടിച്ചാലും കരിമ്പിൻ ചണ്ടി ആന തുപ്പി കളയാറില്ല. കരിമ്പിൻ ചണ്ടിയുടെ കോല് വായയിൽ കുത്തിക്കോണ്ട് ഉണ്ടായ ചോര നുണഞ്ഞാലും കരിമ്പിൻ രസമാണെന്ന് കരുതി ആന അതു ഉപേക്ഷിയ്ക്കാത്തത് പോലെ എത്ര പ്രയാസം മനസ്സിനെക്കോണ്ട് ഉണ്ടായാലും അതു ഉപേക്ഷിയ്ക്കാൻ നമ്മൾ തയ്യാറാവുകയില്ല. അങ്ങനെ മനസ്സ് കരിമ്പ് പോലെയാണ്. ഇതിനു മുമ്പുള്ള നാമത്തിൽ ആനത്തോട്ടിയാണ് ദേവിയുടെ കയ്യിൽ എന്ന് കണ്ടു. മനസ്സിന്റെ പ്രതീകമായി നമ്മുടെ ശാസ്ത്രങ്ങളിൽ ആനയെ പറയാറുള്ളതും ആന ചവച്ചു കളയാൻ ഏറ്റവും മടിയ്ക്കുന്നത് കരിമ്പാണെന്നുള്ളതും ഇവിടെ പ്രത്യേകം സ്മർത്തവ്യമാണ്. മനസ്സിനെ

നിയന്ത്രിയ്ക്കാൻ ഉപയോഗിക്കുന്ന തോട്ടിയാണ് ദേവിയുടെ കയ്യിലെ ആ അങ്കുശമെന്നും അർത്ഥം കിട്ടും. അങ്ങനെ ഈ കരിമ്പവില്ല് മനസ്സാണ്.

**ഇക്കാണുന്ന പ്രപഞ്ചത്തെ മുന്നോട്ട് കൊണ്ട്പോകുന്നവൾ**

ഈ കരിമ്പ് വില്ല് മനസ്സാണെന്ന് കണ്ടു. ഈ മനസ്സിന് നാലു ഭാഗങ്ങളുണ്ട്. അഥവാ നാലുഭാഗങ്ങളെ കൂട്ടി ചേർത്തതിനെയാണ് മനസ്സെന്ന് ഋഷിമാർ പറയുന്നത്. ചിന്തിയ്ക്കാൻ ഉപയോഗിയ്ക്കുന്ന ബുദ്ധി, ഭാവന ചെയ്യാൻ ഉപയോഗിയ്ക്കുന്ന മനസ്സ്, ഓമ്മിയ്ക്കാൻ ഉപയോഗിയ്ക്കുന്ന ചിത്തം, അഹങ്കരിയ്ക്കാൻ ഉപയോഗിയ്ക്കുന്ന അഹങ്കാരം എന്നിവയാണ് ഈ മനസ്സിന്റെ നാലുഭാഗങ്ങൾ. ഇത് ശരി, ഇത് ശരിയല്ല; ഇത് വേണ്ടത്, ഇത് വേണ്ടാത്തത് എന്നിങ്ങനെ നമ്മളെക്കോണ്ട് തീരുമാനം എടുപ്പിയ്ക്കുന്നത് മനസ്സിന്റെ ബുദ്ധിയെന്ന ഭാഗമാണ്. കഴിഞ്ഞകാലങ്ങളെ അയവിറക്കുന്നതും ഓർമ്മകളെ സൂക്ഷിയ്ക്കുന്നതുമായ മനസ്സിന്റെ ഭാഗമാണ് ചിത്തം. ഭാവന ചെയ്യുന്ന മനസ്സിന്റെ ഭാഗമാണ് മനസ്സ്. ഞാൻ എന്ന ബോധം നമ്മളിൽ ഒരോരുത്തരിലും അങ്കുരിപ്പിയ്ക്കുന്ന മനസ്സിന്റെ ഭാഗമാണ് അഹങ്കാരം. ബുദ്ധി, മനസ്സ്, ചിത്തം, അഹങ്കാരം എന്നിങ്ങനെ ഈ നാലും കൂടി ചേർന്ന മനസ്സ് എന്ന് പറയുന്ന ഇതിനെ അന്തകരണം എന്ന് വിളിയ്ക്കുന്നു. നമ്മടെ അകത്തെ ഉപകരണങ്ങളാണ്. ഈ നാലുമാണ് നമ്മളെ നമ്മളായി നിലനിർത്തുന്നത്. ഇതു ഉപയോഗിച്ചാണ് പ്രപഞ്ചത്തെ മുന്നോട്ട് നയിയ്ക്കുന്നത്. ഈ നാലു ഉപകരണങ്ങളും അടങ്ങിയ മനസ്സെന്ന അന്തകരണം ദേവിയുടെ കയ്യിലാണെന്നതിനാൽ ഈ നാമത്തിലൂടെ ലളിതാദേവിയാണ് ഇക്കാണുന്ന പ്രപഞ്ചത്തെ മുന്നോട്ട് കൊണ്ട്പോകുന്നത് എന്ന ആശയം ലഭ്യമാകും.

പഞ്ചതന്മാത്രസായകാ = അഞ്ച് തന്മാത്രകളാകുന്ന അമ്പുകളോട് കൂടിയവൾ. ബാഹ്യലോകങ്ങളുടെ ഉദ്ഭവത്തിന് നിദാനമായി വർത്തിയ്ക്കുന്നവകളെപ്പറ്റിയാണ് ഈ നാമത്തിലൂടെ വർണ്ണിയ്ക്കുന്നത്.

**അഞ്ച് തന്മാത്രകളാകുന്ന അമ്പുകളോട് കൂടിയവൾ**

സായകങ്ങൾ അമ്പുകളാകുന്നു. ദേവിയുടെ കൈകളിലെ അമ്പുകൾ അഞ്ച് തന്മാത്രകളാകുന്നു. അഞ്ച് തന്മാത്രകൾ ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നിവകളാണ്.

**ശബ്ദം**

ശബ്ദം കേൾക്കാനും പുറപ്പെടുവിയ്ക്കുവാനും അതിന് വ്യാപിയ്ക്കുവാനും ഒരോ ഉപകരണങ്ങൾ വേണം. അവ ചെവി, വാഗിന്ദ്രിയം, ആകാശം എന്നിവയാണ്. ഈ മൂന്നും ശബ്ദതന്മാത്രയിൽ നിന്ന് ഉണ്ടാകുന്നു. അങ്ങനെ ജ്ഞാനേന്ദ്രിയം(ചെവി), കർമ്മേന്ദ്രിയം(വാക്ക്), പഞ്ചഭൂതങ്ങളിൽ

ഒന്ന്(ആകാശം) എന്നിവ ശബ്ദത്തിൽ നിന്ന് ഉണ്ടാകുന്നു. ഇപ്രകാരം ശബ്ദം, ചെവി, വാക്ക്, ആകാശം എന്നിങ്ങനെ ശബ്ദതന്മാത്ര പൂർണ്ണമാകുന്നു.

**സ്പർശം**

സ്പർശം അനുഭവിയ്ക്കുവാനുള്ള ഉപകരണം ആവശ്യമാണ്. അത് തൊലിയാണ്. സ്പർശം ചലനത്തിന്റെ ഭാഗമായിട്ടാണ് സംഭവിയ്ക്കുന്നത്. അതുകൊണ്ട് ഒരു ഭാഗത്തു നിന്ന് വെറൊരു ഭാഗത്തേയ്ക്ക് ചലിയ്ക്കുവാനുള്ള ഉപകരണമായ കാല് ആവശ്യമാണ്. അങ്ങനെ ചലനത്തിന്റെ പ്രതീകമായിട്ടുള്ള വായുവും ആവശ്യമാണ്. തൊലിയെന്ന ജ്ഞാനേന്ദ്രിയം, കാല് എന്ന കർമ്മേന്ദ്രിയം, വായു എന്ന പഞ്ചഭൂതങ്ങളിൽ ഒന്ന് എന്നിവ സ്പർശതന്മാത്രയിൽ നിന്ന് ഉണ്ടാകുന്നു. ഇപ്രകാരം സ്പർശം, കാല്, വായു, തൊലി എന്നിങ്ങനെ സ്പർശതന്മാത്ര പൂർണ്ണമാകുന്നു.

**രൂപം**

രൂപം കാണാൻ ആവശ്യമായിട്ടുള്ള കണ്ണ്. ബാഹ്യമായിട്ടുള്ള രൂപത്തെ എടുക്കുവാനും കൊടുക്കുവാനുമുള്ള കൈകൾ. രൂപത്തിന്റെ നിലനില്പിന് വേണ്ടീട്ടുള്ള അഗ്നി. പ്രകാശം കൊണ്ടാണ് രൂപം ഉണ്ടാകുന്നത്. അതുകൊണ്ട് രൂപത്തിൽ നിന്ന് കണ്ണ്, കൈ, അഗ്നി എന്നിവ ഉണ്ടാകുന്നു. ഇപ്രകാരം രൂപം, കണ്ണ് (ജ്ഞാനേന്ദ്രിയം), കൈകൾ (കർമ്മേന്ദ്രിയം), അഗ്നി (പഞ്ചഭൂതങ്ങളിൽ ഒന്ന്) എന്നിങ്ങനെ സ്പർശതന്മാത്ര പൂർണ്ണമാകുന്നു.

**രസം**

രസം അനുഭവിയ്ക്കുവാനുള്ള നാക്ക്. അകത്തോട്ട് ചെന്ന് അനുഭവിയ്ക്കപ്പെട്ട രസത്തെ പുറത്തേയ്ക്ക് വിടുവാനുള്ള ജനനേന്ദ്രിയം. ഇതിനെല്ലാം നിലനില്പിന് ആവശ്യമായിട്ടുള്ള ജലം. ഇത്രയും രസത്തിൽ നിന്ന് ഉണ്ടാകുന്നു. ഇപ്രകാരം രസം, നാക്ക് (ജ്ഞാനേന്ദ്രിയം), ജനനേന്ദ്രിയം (കർമ്മേന്ദ്രിയം), ജലം (പഞ്ചഭൂതങ്ങളിൽ ഒന്ന്) എന്നിങ്ങനെ രസതന്മാത്ര പൂർണ്ണമാകുന്നു.

**ഗന്ധം**

ഗന്ധം മണക്കുവാനുള്ള മൂക്ക്. വിസർജ്ജനേന്ദ്രിയം. പഞ്ചഭൂതങ്ങളിൽ ഏറ്റവും സാന്ദ്രമായിട്ടുള്ള ഭൂമി. ഇപ്രകാരം ഗന്ധം, മൂക്ക് (ജ്ഞാനേന്ദ്രിയം), വിസർജ്ജനേന്ദ്രിയം (കർമ്മേന്ദ്രിയം), ജലം (പഞ്ചഭൂതങ്ങളിൽ ഒന്ന്) എന്നിങ്ങനെ രസതന്മാത്ര പൂർണ്ണമാകുന്നു.

(തുടരും)

# സംസ്കൃതപഠനം

ഡി. പ്രകാശ്

## വാക്യം മൂന്നു വിധം

ക്രിയാപദങ്ങൾ പരസ്മൈപദീ, ആത്മനേപദീ, ഉഭയപദീ എന്നീ ക്രമത്തിൽ വിഭജിക്കപ്പെട്ടിരിക്കുന്നു എന്നു നാം കണ്ടു. ഭൃ, ഭജീ, ധാവു എന്നീ ധാതുക്കളിൽനിന്ന് നിഷ്പന്നമായവ ഉദാഹരിക്കപ്പെട്ടു. ക്രിയയിൽ ചെന്ന് അവസാനിക്കുന്നതാണ് വാക്യം. ക്രിയ നടക്കുന്നതിനാവശ്യമായ ഘടകങ്ങളും വാക്യത്തിൽ ആവശ്യമുണ്ട്. മൂന്ന് തരത്തിലുള്ള വാക്യമുണ്ടെന്ന് പറയാം. ഒരു ക്രിയാപദവും (തിങന്തവും) ഒരു നാമപദവും (സുബന്തവും) ചേർന്നത്. രണ്ട് സുബന്തങ്ങൾ ചേർന്നത്. രണ്ട് തിങന്തങ്ങൾ ചേർന്നത്. ഇതിൽ സുബന്തവും തിങന്തവും ചേർന്ന വാക്യത്തിന് ഉദാഹരണം രാമഃ പഠതി रामः पठति എന്നാണ്. രണ്ട് സുബന്തങ്ങൾ ചേർന്ന വാക്യത്തിന് ഉദാഹരണം रामेण पठितव्यम् എന്നാണ്. ഇതിൽ रामेण എന്നതും पठितव्यम् എന്നതും നാമപദങ്ങളാണ്. रामेण എന്നതിന് രാമനാൽ എന്നർത്ഥം. पठितव्यम् എന്നതിന് പഠിയ്ക്കപ്പെടണം എന്നർത്ഥം. രണ്ട് തിങന്തം ചേർന്ന വാക്യത്തിന് ഉദാഹരണം पठति भवति എന്ന്. ഒരാൾ പഠനം നടത്തുന്നു എന്നർത്ഥം.

ഈ മൂന്ന് തരം വാക്യങ്ങളിൽ ആദ്യത്തെ രണ്ടെണ്ണം മാത്രമേ പ്രയോഗത്തിൽ അധികമായി കാണാനുള്ളൂ. रामः पठति (രാമൻ പഠിക്കുന്നു) എന്ന വാക്യം വ്യക്തമായി. എന്നാൽ രണ്ട് സുബന്തങ്ങൾ ചേർന്ന വാക്യത്തിൽ अस्ति അഥവാ भवति എന്ന ക്രിയാപദം ചേർക്കണം എന്ന വാദം ഒരു കൂട്ടർ ഉയർത്തുന്നുണ്ട്. അപ്പോൾ വാക്യം रामेण पठितव्यम् भवति എന്നാകും.

മൂന്ന് തരം വാക്യങ്ങൾ ഒറ്റ നോട്ടത്തിൽ :

| | | |
|---|---|---|
| സുബന്തവും തിങന്തവും | रामः पठति | രാമൻ പഠിക്കുന്നു |
| സുബന്തവും സുബന്തവും | रामेण पठितव्यम् | രാമനാൽ പഠിക്കപ്പെടണം |
| തിങന്തവും തിങന്തവും | पठति भवति | ഒരാൾ പഠനം നടത്തുന്നു |

## സുബന്തവും തിങന്തവും ചേർന്ന വാക്യം

ഒരു തിങന്തമുള്ളതാണ് വാക്യമാവുക എന്ന വ്യാകരണസിദ്ധാന്തമാണ് സാധാരണജനങ്ങൾക്ക് സ്വീകാര്യമാവുക. താഴെ കൊടുക്കുന്ന ധാതുക്കളും അവയുടെ രൂപങ്ങളും അർത്ഥങ്ങളും ശ്രദ്ധിക്കുക.

| ക്രിയാരൂപങ്ങളും അർത്ഥങ്ങളും | | | നാമരൂപങ്ങളും അർത്ഥങ്ങളും | |
|---|---|---|---|---|
| ധാതു | രൂപം | അർത്ഥം | രൂപം | അർത്ഥം |
| अर्च | अर्चति | പൂജിക്കുന്നു | सिंहः | സിംഹം |
| कूज | कूजति | കൂവുന്നു | वृक्षः | വൃക്ഷം |
| क्रीड | क्रीडति | കളിക്കുന്നു | भृत्यः | ഭൃത്യൻ |
| जीव | जीवति | ജീവിക്കുന്നു | बालिका | പെൺകുട്ടി |
| गर्ज | गर्जति | ഗർജിക്കുന്നു | मत्स्यः | മത്സ്യം |
| कपि | कम्पते | ഇളകുന്നു | शिशुः | ശിശു |
| क्रदि | क्रन्दति | കരയുന്നു | अर्चकः | പൂജാരി |
| भाष | भाषते | സംസാരിക്കുന്നു | कुक्कुटः | പൂവ്വൻകോഴി |
| सेवृ | सेवते | സേവിക്കുന്നു | बालः | ആൺകുട്ടി |
| खादृ | खादति | ഭക്ഷിക്കുന്നു | युवती | യുവതി |

** ഇടതു വശത്തുള്ള ക്രിയാപദത്തോട് യോജിച്ചതും വലതു വശത്തുള്ളതുമായ നാമപദം ചേർത്ത് എഴുതിയ വാക്യങ്ങൾ ശ്രദ്ധിക്കുക.

*** भृत्यः सेवते ഭൃത്യൻ സേവിക്കുന്നു (പരിചരിക്കുന്നു)
बालिका खादति പെൺകുട്ടി ഭക്ഷണം കഴിക്കുന്നു

### പ്രയോഗ പരിശീലനം :

ഇതു പോലെ മറ്റു എട്ടു വാക്യങ്ങൾ മുകളിൽ കൊടുത്തിരിക്കുന്ന പട്ടിക നോക്കി ക്രിയാപദത്തോട് ഉചിതമായ നാമപദം ചേർത്ത് എഴുതി പഠിക്കുക.

### വാക്യത്തിലെ കർത്തൃപദം

भृत्यः सेवते എന്ന വാക്യത്തിലെ സേവതേ എന്ന ക്രിയ നടക്കണമെങ്കിൽ ഒരു കർത്താവ് (ചെയ്യുന്നയാൾ) വേണം. അത് ഇവിടെ ഭൃത്യഃ

(ഭൃത്യൻ) എന്നതാണ്. അതുകൊണ്ട് ഈ വാക്യത്തിലെ ഭൃത്യഃ എന്നത് കർത്തൃപദവും സേവതേ എന്നത് ക്രിയാപദവുമാകുന്നു. ഇപ്രകാരം ബാലികാ കർത്തൃപദവും ഖാദതി ക്രിയാപദവുമാകുന്നു.

## ഭ്വാദിഗണത്തിലെ ക്രിയാപദങ്ങളുടെ പ്രത്യേകത

പഠതി തുടങ്ങിയ ക്രിയാപദങ്ങളിലൂടെ ഭ്വാദിഗണത്തിലെ ധാതുക്കളെ പരിചയപ്പെടുത്തി. ഈ ഗണത്തിലെ ധാതുക്കൾ ക്രിയാപദങ്ങളായി രൂപപ്പെടുന്നത് മിക്കവാറും താഴെ പറയുന്ന പ്രകാരമാണ്.

| | |
|---|---|
| पठ् + अ + ति | पठति |
| सेव्+ अ + ते | सेवते |
| क्रीड् + अ + ति | क्रीडति |
| भाष्+ अ + ते | भाषते |

**ദിവാദിഗണത്തിലെ ധാതുക്കളുടെ ക്രി**യാപദങ്ങളെ പരിചയപ്പെടാം.

| ധാതു | ക്രിയാരൂപം | അർത്ഥം | നാമപദം | അർത്ഥം |
|---|---|---|---|---|
| विद सत्तायाम् | विद्यते | ഉണ്ട് | पथिकः | വഴിപോക്കൻ |
| बुध अवगमने | बुध्यते | മനസ്സിലാക്കുന്നു | ईश्वरः | ഈശ്വരൻ |
| युध | युध्यते | യുദ്ധം ചെയ്യുന്നു | सैनिकः | സൈനികൻ |
| मन ज्ञाने | मन्यते | കരുതുന്നു | पुत्रः | മകൻ |
| सृज विसर्गे | सृज्यते | സൃഷ്ടിക്കുന്നു | अम्बा | അമ്മ |
| तुष प्रीतौ | तुष्यति | സന്തോഷിക്കുന്നു | अधर्मः | അധർമ്മം |
| श्लिष | श्लिष्यति | ആലിംഗനം | सज्जनः | സജ്ജനം |
| णश अदर्शने | नश्यति | നശിക്കുന്നു | धर्मः | ധർമ്മം |
| तृष | तृष्यति | ദാഹിക്കുന്നു | छात्रः | വിദ്യാർത്ഥി |
| क्षमू सहने | क्षाम्यति | ക്ഷമിക്കുന്നു | अध्यापकः | അദ്ധ്യാപകൻ |

## പ്രായോഗിക പരിശീലനം

മുകളിൽ കൊടുത്തിട്ടുള്ളവ നോക്കി നാമപദങ്ങളോട് ഉചിതമായ ക്രിയാപദം ചേർത്ത് വാക്യങ്ങൾ നിർമ്മിക്കുക.

(തുടരും)

# സോഷ്യലിസം ഭാഗവതത്തിൽ

സി.എം. കൃഷ്ണനുണ്ണി

സി.പി.എം. കോഴിക്കോട്ട് ചേർന്ന അവരുടെ 20-ാം പാർട്ടി കോൺഗ്രസ്സിൽ വെച്ച് സോഷ്യലിസത്തിന്റെ ഇന്ത്യൻ ബദൽ ആവിഷ്കരിച്ചുകളയും എന്ന് തോന്നിയവർക്ക് തെറ്റി. മുസ്ലീങ്ങൾക്ക് അധികസംവരണം നാലരശതമാനം പോരാ, കുറഞ്ഞത് പത്തു ശതമാനമെങ്കിലും നല്കണമെന്ന് അഭിപ്രായപ്പെടുകവഴി പത്തു വോട്ട് കൂടുതൽ കിട്ടുവാനുള്ള അവസരവാദപരമായ മെയ്‌വഴക്കം ഒരിക്കൽക്കൂടി കാണിച്ച് പിരിയുകയായിരുന്നു അവർ.

എന്തിനുമേതിനും പുറമേയ്ക്കുമാത്രം നോക്കി ശീലിച്ച മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിയെ വിഷമത്തിലാക്കുന്ന പ്രശ്നം, അനുകരിക്കുവാൻ ഒരു മാതൃക ലോകത്തെവിടെയും അവർ കാണുന്നില്ല എന്നതാണ്. ഏതെങ്കിലും വിദേശവ്യവസ്ഥയുടെ മൂശയിൽ സോഷ്യലിസത്തിന്റെ ഇന്ത്യൻ ബദൽ വാർത്തെടുക്കുവാനാണ് അവർക്ക് പൂതി. മുമ്പ് അവർക്ക് പ്രേരണയും മാതൃകയും സോവിയറ്റ് യൂണിയനായിരുന്നുവല്ലോ. 'സോവിയറ്റെന്നൊരു നാടുണ്ടത്രെ, പോകാൻ കഴിഞ്ഞെങ്കിലെന്തു ഭാഗ്യം' എന്ന് പാർട്ടി നാടകവേദിയ്ക്കുവേണ്ടി രചിക്കപ്പെട്ട ഗാനം ഒരു കാലത്ത് കൊയ്ത്തുപാട്ടായി പ്രചരിപ്പിച്ചിരുന്നു. ഇന്ന് ആ സോവിയറ്റ് യൂണിയനുമില്ല, കൊയ്ത്ത് യന്ത്രങ്ങൾ കാരണം കൊയ്ത്ത് പാട്ടിന്റെ ആവശ്യവുമില്ല.

പിളർപ്പിനുശേഷം ഇടത് കമ്മ്യൂണിസ്റ്റ് പാർട്ടിയെന്ന് സ്വയം പരിചയപ്പെടുത്തിയ സി.പി.എം. തങ്ങളുടെ നോട്ടം ചൈനയിലേക്കാക്കി. ചൈനയായിരുന്നു അവരുടെ സ്വർഗ്ഗവും മാതൃകയും. ചൈനീസ് ഭരണാധികാരികളുടെ ക്രൂരതകളും സാമ്രാജ്യത്വ സ്വഭാവവും കടന്നുകയറ്റവുമെല്ലാം അവർ ന്യായീകരിച്ചുകൊണ്ടിരുന്നു. എന്നാൽ ഇപ്പോൾ അവർ, ചൈനീസ് യുവാക്കളിൽ ദേശീയവികാരം ശക്തിപ്പെട്ടുവരുന്നത് ഒരു പ്രധാന പോരായ്മയായി കാണുന്നു. ദേശീയതയെ-ദേശീയ തനത് പ്രവണതയെയും പ്രത്യേകതകളെയും - സോഷ്യലിസ്റ്റ് സമൂഹരചനയുടെ ശത്രുപക്ഷത്ത് നിർത്തുന്ന സി.പി.എം. ഇന്ത്യൻ സോഷ്യലിസ്റ്റ് ബദൽ മെനയാൻ കഴിയാതെ കുഴയുന്നതിൽ എന്തത്ഭുതം. വെനിസ്വേല നേതൃത്വം നല്കുന്ന ലാറ്റിനമേരിക്കൻ ഭ്രാന്താണ് കൂടുതൽ മെച്ചം എന്ന പ്രത്യയശാസ്ത്ര തിരിച്ചറിവാണത്രെ അവർക്ക് പുതുതായി ഉണ്ടായിരിക്കുന്നത്.

ബ്രിട്ടീഷുകാർ സൃഷ്ടിച്ച, വിദ്യാസമ്പന്നർക്കിടയിലെ അപകർഷതാബോധം വലിയ കെടുതി സൃഷ്ടിച്ചത് കമ്മ്യൂണിസ്റ്റുകാരിലാണ്.

സ്വന്തം പൈതൃകത്തെ അതിന്റെ ഭാഷയായ സംസ്കൃതത്തിൽ ശരിക്കും അറിയാൻ കഴിയാതെ പോയ നമ്പൂതിരിപ്പാട് തുടങ്ങിയ കമ്മ്യൂണിസ്റ്റ് ബുദ്ധിരാക്ഷസന്മാർ സ്വന്തം പൈതൃകത്തെ തള്ളിപ്പറഞ്ഞുകൊണ്ടും തിരിഞ്ഞുനോക്കാതെയും സ്വാഭിമാനം വിറ്റ് നാൾ കഴിച്ച് പോരുകയാണുണ്ടായത്. ഇനി വിറ്റു തിന്നാൻ ഏറെയില്ലാത്തതിന്റെ തെളിവാണ് ബംഗാളിലെ ശോഷിപ്പും കേരളത്തിലെ പ്രാദേശിക പാർട്ടികൾക്കായുള്ള പടിപ്പുര തുറക്കലും. കഷ്ടം! ഇന്ത്യൻ ദർശനങ്ങളും പുരാണങ്ങളും ഒന്നെടുത്ത് മറിച്ചുനോക്കുവാൻ അക്കൂട്ടരിൽ ആരെങ്കിലുമൊന്ന് സത്യസന്ധമായും അന്വേഷണത്വരയോടെയും ശ്രമിച്ചിരുന്നുവെങ്കിൽ ഇന്ത്യൻ സോഷ്യലിസ്റ്റ് ബദലിനുള്ള കോപ്പുകൾ അവയിൽനിന്ന് സമൃദ്ധമായി കണ്ടുകിട്ടുമായിരുന്നു.

മാവോയിസ്റ്റ് ഭീകരതയാണ് സി.പി.എമ്മിനെയും ഇന്ത്യാഗവണ്മെന്റിനെയും അഭിമുഖീകരിക്കുന്ന ഒരു വെല്ലുവിളി. ചുവപ്പ് ഇടനാഴി (റെഡ് കോറിഡോർ) കർണ്ണാടകത്തിലേയ്ക്കും കേരളത്തിലേയ്ക്കുംവരെ നീണ്ടെത്തിയിരിക്കുന്നതായാണ് റിപ്പോർട്ട്. ബംഗാളിൽ മമതയോടൊപ്പം സി.പി.എമ്മിനെ തരിശാക്കിയത് മാവോയിസ്റ്റുകളുമാണ്. അവരുടെ സ്വയംഭരണമേഖലകൾ കേന്ദ്രസർക്കാരിനും തലവേദനയാകുന്നു. സമാന്തര സൈനിക-നീതിന്യായ-നികുതിപിരിവ് സംവിധാനങ്ങളുമായി സ്വന്തം ആധിപത്യമേഖലകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന മാവോയിസ്റ്റുകൾക്ക് പ്രകടമായും ഇല്ലാതെ കാണുന്നത് പക്വമായ ദാർശനിക മനസ്സും ബോധവുമാണ്. പക്വമായ ദാർശനിക മനസ്സും ബോധവും രാഷ്ട്രീയനേതാവിനായാലും ഭരണാധികാരിക്കായാലും കൂടിയേതീരൂ എന്ന തിരിച്ചറിവോടെ അവ സ്വായത്തമാക്കാൻ യാതൊരു നീക്കവും നടത്താത്ത കമ്മ്യൂണിസ്റ്റ് - കമ്മ്യൂണിസ്റ്റ് ഇതര രാഷ്ട്രീയ വേഷക്കാർക്ക് പിടിച്ചതിനേക്കാൾ വലിയത് അളയിൽ എന്നപോലെ മാവോയിസ്റ്റുകൾ ഭീഷണിയാവുന്നതിൽ ഒട്ടും അത്ഭുതമില്ല. ഭഗവാൻ ശ്രീകൃഷ്ണൻ ഭഗവദ്ഗീതയിൽ പറഞ്ഞ സ്ഥിതപ്രജ്ഞത്വം ആർജ്ജിക്കാൻ യത്നിക്കേണ്ടതാണ് രാഷ്ട്രീയക്കളരിയിലെ മെയ്യഭ്യാസികൾ എന്ന് ബന്ധപ്പെട്ടവർ മനസ്സിലാക്കിയിരുന്നുവെങ്കിൽ മാവോയിസവും മറ്റനേകം സാമൂഹ്യദൂഷ്യങ്ങളും രാജ്യത്ത് തൊലപൊക്കുകയില്ലായിരുന്നു.

ഈ ലോകത്തുള്ളവരെല്ലാം കശ്യപപ്രജാപതിയുടെ സന്താനങ്ങളാണെന്ന് പ്രഖ്യാപിക്കുന്ന ഭാഗവതം (6-6-24) 'അഥ കശ്യപപത്നീനാം യത് പ്രസൂതമിദം ജഗത്' - മാനവ ഐക്യത്തെയും ബന്ധുത്വത്തെയുമാണ് പ്രഖ്യാപിക്കുന്നത്. സാർവ്വദേശീയതയ്ക്ക് ഇതിലും ദൃഢമായ അടിസ്ഥാനശില ഏതുവേണം? ഭഗവാന്റെ ഗുണമയ മായസ്ഥൂലരൂപമാണ് ലോകം (5-16-3) എന്ന പ്രസ്താവനയും ഭൂമി ആകാശം സമുദ്രം പാതാളം

ദിക്കുകൾ മനുഷ്യലോകം നക്ഷത്രങ്ങൾ എന്നു വേണ്ട എല്ലാമെല്ലാം ഈശ്വരന്റെ അത്ഭുതസ്ഥൂലരൂപമാകുന്നു. (5-26-41) എന്നീ പ്രസ്താവനകളും സാർവ്വലൗകികസൗഭ്രാത്രത്തിന്റെ ആണിക്കല്ലുകളായി ഉപയോഗിക്കാവുന്നവ തന്നെ.

ധനം ആരുടെയും സ്വന്തമല്ല എന്ന ആശയം ശ്രീമദ് ഭാഗവതത്തിൽ (7-14-8) കാണാം - 'ദിവ്യം ഭൗമം ചാന്തരിക്ഷം വിത്തമച്യുത നിർമ്മിതം' - മഴ കാരണം ലഭിക്കുന്ന കാർഷിക സമ്പത്തിനെയാണ് 'ദിവ്യം' അഥവാ ദ്യോവിൽനിന്നു ലഭിക്കുന്നത് എന്നു സൂചിപ്പിച്ചിരിക്കുന്നത്. മഴ മനുഷ്യപ്രയത്നത്താൽ ലഭിക്കുന്നതല്ലല്ലോ. സ്വർണ്ണം മുതലായ ധാതുക്കൾ ഭൂമിയിൽനിന്ന് ലഭിക്കുന്ന 'ഭൗമ'ധനമാണ്. അവയും മനുഷ്യനിർമ്മിതമല്ല. യാദൃച്ഛികമായും സാഹചര്യപരമായും ലഭിക്കുന്ന ധനത്തെയാണ് 'അന്തരീക്ഷ'ത്തിൽനിന്ന് ലഭിക്കുന്നതായി പറഞ്ഞിരിക്കുന്നത്. മൂല്യവർധനവിനും മൂല്യശോഷണത്തിനും ഇടയാകുന്ന സാഹചര്യങ്ങൾ മനുഷ്യനിർമ്മിതമല്ല എന്നതിന് സ്വർണ്ണത്തിന്റെ വിലക്കയറ്റവും ഡോളർ നേരിടുന്ന പ്രതിസന്ധിയും ആഗോളസാമ്പത്തികമാന്ദ്യവും മറ്റും തെളിവാണ്. ആരും ഉദ്ദേശപൂർവ്വം പ്രയത്നിച്ചല്ല ഇതെല്ലാം ഉണ്ടാക്കിത്തീർത്തത്.

എല്ലാ സമ്പത്തും ഈശ്വരനിർമ്മിതമാണെന്നു പറയുമ്പോൾ, ഈശ്വരൻ-അച്യുതൻ-എന്നതുകൊണ്ട് ഏതെങ്കിലും മതദൈവസങ്കല്പത്തെയല്ല, മറിച്ച് ഇക്കാണുന്ന എല്ലാറ്റിന്റെയും ചൈതന്യസമാഹൃതസ്വരൂപത്തെയാണ് ഋഷിമാർ അർത്ഥമാക്കിയത് എന്ന് മനസ്സിലാക്കണം. 'ഈശ്വരഃ സർവ്വഭൂതാനാം ഹൃദ്ദേശേ അർജ്ജുന തിഷ്ഠതി' എന്ന് ഗീതയിലൂടെ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ ഭഗവാൻ. ഉണ്ടായിരിക്കുന്ന-ഭവിച്ചിരിക്കുന്ന ഈ എല്ലാറ്റിന്റെയും (സർവ്വഭൂതാനാം) ഹൃദയത്തിൽ (ഉണ്മയിൽ) ഈശ്വരൻ ഇരിക്കുന്നു. ച്യുതിയുള്ള (നാശമുള്ള) ഇക്കാണുന്ന എല്ലാറ്റിലേയും അച്യുതാംശമായി വിരാജിക്കുന്ന ഈശ്വരനാൽ നിർമ്മിതവും ആ ഈശ്വരനുമാത്രം അവകാശപ്പെട്ടതുമാണ് എല്ലാവിധ സമ്പത്തും എന്ന ദൃഢപ്രസ്താവം എല്ലാ സമ്പത്തിന്റെയും വ്യക്തിനിരപേക്ഷമായ പൊതു ഉടമസ്ഥത വ്യക്തമാക്കുന്നു.

വയറു നിറയ്ക്കുവാൻ ആവശ്യമുള്ളതു മാത്രമേ തന്റേതായി കരുതുവാൻ ഒരാൾക്ക് അവകാശമുള്ളുവെന്നും (യാവദ് ഭ്രിയേത ജഠരം താവത് സ്വത്വം ഹി ദേഹിനാം 7-14-9) അതിലേറെ തന്റേതാക്കുന്നവൻ ശിക്ഷാർഹനായ കള്ളനാണ് എന്നും (അധികം യോ/ഭിമന്യേത സ സ്തേനോ ദണ്ഡമർഹതി) അധികമായി കൈവശമെത്തുന്ന ധനം ഉപയോഗിച്ച് സ്വന്തം പുത്രന്മാരെ എന്ന പോലെ നാൽക്കാലികളെയും പക്ഷികളെയും സർപ്പം ഈച്ച എന്നിവയെപ്പോലും പരിപാലിക്കണം എന്നും (മൃഗോ

ഷ്ടഖരമർക്കാഖുസരീസൃപ്ഖഗമക്ഷികാഃ, ആത്മനഃ പുത്രവത് പശ്യേത് തൈരേഷാമന്തരം കിയത് 7-14-10) പ്രഖ്യാപിക്കുകയും നിർദ്ദേശിക്കുകയും ചെയ്യുന്ന ഭാഗവതം സ്വകാര്യത്തിന് എത്ര കുറഞ്ഞ പരിധിയാണ് കല്പിച്ചിരിക്കുന്നതെന്നും പാരിസ്ഥിതിക ഉത്തരവാദിത്വങ്ങളെ എത്ര പ്രാധാന്യത്തോടെയാണ് ഓർമ്മിപ്പിക്കുന്നതെന്നും ചിന്തിക്കുക.

മാതൃകാസമൂഹത്തിന്റെ വിധാനക്രമത്തിനുതകുന്ന ഇത്തരം എത്രയെത്രയോ ആശയങ്ങൾ ഭാരതീയ സംസ്കൃതിയിലുള്ളത് അറിയാതെയും കണ്ടെടുത്ത് ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കാതെയും ചെഗുവേരയുടെ ചിത്രമുള്ള കാഷ്വൽ ബനിയനുമിട്ട് ബാർ കൂട്ടായ്മകളിൽ ലോകവിപ്ലവത്തെക്കുറിച്ചും സോഷ്യലിസത്തിന്റെ ഇന്ത്യൻ ബദലിനെക്കുറിച്ചും ചർച്ചചെയ്യുന്നത് ഭോഷത്തം എന്നേ പറയുവാൻ കഴിയൂ.

# ശ്രീകൃഷ്ണ ദർശനം

വ്യാഖ്യാനം : ഗീതാസുരാജ്

അകക്കണ്ണുകൊണ്ടുള്ള കാഴ്ചയാണ് ദർശനം. അത്യപൂർവ്വവും നിഗൂഢവുമായ അനുഭവമാണത്. ആ അനുഭവം പുണ്യാത്മാക്കൾക്ക് മാത്രമാണ് ലഭ്യമാകാറുള്ളത്. പലപ്പോഴും അത്തരത്തിലുള്ള ദർശനാനുഭവങ്ങളെ അവർക്ക് വാക്കുകളിൽ പകർത്താൻ കഴിഞ്ഞെന്നുവരില്ല. എന്നിരുന്നാലും ഉള്ളിലിരുന്ന് തിങ്ങിവിങ്ങുന്ന ആ അനുഭൂതിയെ വാക്കുകളിലേക്ക് ആവാഹിക്കുവാൻ ചിലപ്പോഴെല്ലാം അവർ ശ്രമിക്കാറുണ്ട്. ശ്രീനാരായണഗുരുദേവൻ വിദ്യാർത്ഥിയായിരിക്കേ വാരണപ്പിള്ളിയിൽവച്ച് രചിച്ച 'ശ്രീകൃഷ്ണ ദർശനം' എന്ന ചതുഷ്പദി അത്തരത്തിലുള്ള ശ്രമത്തിന്റെ ഫലമാണ്. സമാനമായ അനുഭവം ഉണ്ടായവർക്കു മാത്രമെ അതിന്റെ അർത്ഥം പൂർണ്ണമായി ഉൾക്കൊള്ളാനാകൂ. അർത്ഥം പറഞ്ഞ് ഫലിപ്പിക്കുന്നതുകൊണ്ടുമാത്രം അതിന്റെ അനുഭൂതിയെ പകർന്നുകൊടുക്കാനാവില്ല. അനുഭൂതിസാന്ദ്രമായ ഇത്തരം കവിതകൾ അറിയുന്നതിലേറെ അനുഭവിക്കാനുള്ളതാണ്. ഗുരുദേവ സ്തോത്രങ്ങളിൽവച്ച് ഏറ്റവും ചെറുത് എന്നു പറയാവുന്ന ഈ നാൽവരി അത്തരത്തിലുള്ള അനുഭവത്തിന്റെ സാക്ഷിപത്രമാകുന്നു.

ഗുരുദേവ സ്തോത്രങ്ങളുടെ ആദ്യഘട്ടം വാരണപ്പിള്ളിയിലെ പഠനകാലത്താണ്. ജന്മനാ ഉണ്ടാകുന്ന ഭക്തിയും കവിത്വവും വികസ്വരമാകുന്നതും ഈ കാലയളവിലാണ്. ഏകദേശം 1877-ലാണ് ഗുരു വാരണപ്പിള്ളിയിൽ എത്തുന്നത്. കുമ്മമ്പിള്ളി രാമൻപിള്ള ആശാന്റെ അടുത്ത്

അന്ന് അറുപതോളം വിദ്യാർത്ഥികൾ പഠിച്ചിരുന്നു. ഗുരുവും അവിടെ താമസിച്ചുകൊണ്ടാണ് സംസ്കൃതം പഠിച്ചിരുന്നത്. കൂട്ടുകാർക്കിടയിൽ ഗുരു ഏകാകിയായിരുന്നു. ഒറ്റയ്ക്ക് ഇരിക്കുവാനും ധ്യാനിക്കുവാനും പുരാണങ്ങൾ പാരായണം ചെയ്യുവാനുമായിരുന്നു ഗുരുവിന് ഏറെ താല്പര്യം. ഉറക്കത്തിൽപോലും ഈശ്വരനാമങ്ങളും മന്ത്രങ്ങളും സ്വാമിയുടെ മുഖത്തു നിന്നും സ്വതേ പുറപ്പെടുന്നതായി പലരും കേട്ടിട്ടുള്ളതായി പറയുന്നു.

ഭക്തനായിരുന്നു എന്നപോലെത്തന്നെ ഗുരു അന്ന് കവിയും ആയിരുന്നു. കവിതാനിർമ്മിതിയിൽ നാണുവിന് ഉണ്ടായിരുന്ന അനിതരസാധാരണമായ വൈഭവം എല്ലാവരേയും ആകർഷിച്ചു. ശ്രീകൃഷ്ണനായിരുന്നു അക്കാലത്ത് ഗുരുവിന്റെ ഇഷ്ടദേവത എന്നും ഒരു ദിവസം ശ്രീകൃഷ്ണന്റെ ദർശനം ഗുരുവിന് സാധിച്ചു എന്നും ജീവചരിത്രകാരന്മാരെല്ലാവരും രേഖപ്പെടുത്തിയിട്ടുണ്ട്.

ആ ദർശനത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു. അകാരണമായി ഒരു ദിവസം ഗുരു ആരേയോ പിന്തുടർന്നെന്നപോലെ ഓടിക്കൊണ്ടിരുന്നു. ഗുരുവിന്റെ മുമ്പിൽ മറ്റാർക്കുംതന്നെ ആരെയും കാണാൻ കഴിഞ്ഞിരുന്നില്ല. പാടത്തുകൂടി കുറേദൂരം ഓടി അതിന്റെ അടുത്തുള്ള തോട്ടിലേക്ക് ചെന്നുചാടി എന്നും പിന്നീട് ചോദിച്ചവരോട് ബാലകൃഷ്ണൻ ഓടിവന്ന് ഇതാ ഈ തോട്ടിൽ ചാടിയിരിക്കുന്നു എന്നും പറഞ്ഞു. 'ബാലകൃഷ്ണൻ പലപ്പോഴും മുമ്പിൽ കൂത്താടുന്നതായി സ്വാമി പ്രത്യക്ഷത്തിൽ കണ്ടിട്ടുണ്ടത്രെ' എന്ന് കുമാരനാശാനും തന്റെ ഗുരുവിനെക്കുറിച്ചുള്ള ജീവചരിത്രത്തിൽ പറഞ്ഞിട്ടുണ്ട്. ഈ ദർശന പുണ്യം നുകർന്ന അനുഭവമാണ് ഗുരു ശ്രീകൃഷ്ണ ദർശനത്തിലൂടെ ആവിഷ്കരിക്കുന്നത്.

സ്വാമി ഗീതാനന്ദ പ്രസിദ്ധീകരിച്ച 'ഭഗവാൻ ശ്രീനാരായണ ഗുരു' എന്ന പുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

## അത്ഭുത ദർശനം

ഒരു ദിവസം രാവിലെ നാണു പതിവുപോലെ ചെമ്പകചോട്ടിൽ ധ്യാനനിമഗ്നനായിരുന്നു. കുറച്ചു സമയം കഴിഞ്ഞപ്പോൾ ബാഹ്യവിചാരം തീരെയില്ലാതെയായി. ശരീരത്തിന് ഒരു കുളിർമ്മ അനുഭവപ്പെട്ടു. ശരീരത്തിന് അല്പമായി വിറയലും തോന്നി. എന്തോ ഒരു സുഖം തോന്നി. കുറെ സമയം ആ ഇരുപ്പിൽ ഇരുന്നു. തുളസീഗന്ധം അവിടമാകെ വ്യാപിച്ചുനിന്നു. നാണുവിന്റെ കർണ്ണങ്ങളിൽ എവിടെനിന്നോ വേണുനാദം ഒഴുകിയെത്തുന്നു. ആരെങ്കിലും അടുത്ത സ്ഥലത്തുനിന്ന് ഓടക്കുഴൽ വിളിക്കുകയായിരിക്കും എന്നു തോന്നി. എന്നാൽ ഇതിനുമുമ്പ് ആരെങ്കിലും ഓടക്കുഴൽ വായിച്ചു കേട്ടിട്ടില്ല. തുളസീഗന്ധം തന്റെ ഘ്രാണേന്ദ്രിയം തുളച്ചുകയറുന്നു. മുമ്പ് ഇങ്ങനെ ഒരു അനുഭവമുണ്ടായിട്ടില്ല. കണ്ണുതുറ

ക്കണം എന്നു തോന്നി. കണ്ണുതുറന്നാൽ ഈ സുഖം അനുഭവപ്പെടുമോ? നാണു കണ്ണ് മെല്ലെ തുറന്നു. ബാഹ്യമായ ഒരു ഓർമ്മയും ഇല്ല. നീലാകാശത്തിന്റെ പ്രതീതിമാത്രം. എന്തൊരാശ്ചര്യം! ഭഗവാൻ ശ്രീകൃഷ്ണൻ മഞ്ഞപ്പട്ടുടുത്തും, പൊൻകിരീടമണിഞ്ഞും സർവ്വാഭരണഭൂഷിതനായി വനമാലാ വിഭൂഷിതാനായി ഇതാ തന്റെ മുൻപിൽ നില്ക്കുന്നു. ശ്രീകൃഷ്ണനെ കെട്ടിപ്പിടിച്ച് മാറോടണയ്ക്കാൻ വെമ്പൽകൊണ്ടു. ശ്രീകൃഷ്ണൻ മന്ദംമന്ദം നടന്നകലുന്നു. താൻ ശീഘ്രം ഓടിയടുക്കുന്തോറും ആ തേജോമൂർത്തി തൊടാൻ വയ്യാത്ത ദൂരം നില്ക്കുന്നു. ഹാ കൃഷ്ണാ! എന്നുച്ചരിച്ചുകൊണ്ട് ഓടുന്നതിനിടയിൽ നാണു വീണുപോയി. പിന്നെ തീരെ ഓർമ്മയില്ലാതെയായി. ഊണിന്റെ സമയമായി. സതീർത്ഥ്യരും മറ്റുള്ളവരും നാണുവിനെ അന്വേഷിയ്ക്കലായി. അവർ ചെമ്പകച്ചോട്ടിൽ ചെന്നുനോക്കി. നാണു വിയർത്തൊലിച്ചും കണ്ണുനീർ ഒഴുക്കിയും കിതച്ചും കിടക്കുകയാണ്. നാണുവിനെ വിളിച്ച് പിടിച്ചിരുത്തി. നാണു അപ്പോഴും അർദ്ധബോധാവസ്ഥയിൽതന്നെ. അന്നു മുഴുവൻ നാണു അബോധാവസ്ഥയിലായിരുന്നു. പിറ്റേ ദിവസം രാമൻപിള്ള ആശാൻ വന്നപ്പോൾ അദ്ദേഹമാണ് നാണുവിനെ ആ അവസ്ഥയിൽനിന്നും ഉണർത്തിയത്. അപ്പോൾ നാണു തനിക്ക് ലഭിച്ച അനുഭൂതിയെക്കുറിച്ച് ഇങ്ങനെ പറഞ്ഞു. 'ഞാൻ പതിവുപോലെ ചെമ്പകച്ചോട്ടിൽ ശ്രീകൃഷ്ണനെ ഓർത്തിരിക്കുകയായിരുന്നു. പുറംലോകത്തെക്കുറിച്ച് അറിയാത്ത അവസ്ഥയിലായി. ശ്വാസം മന്ദഗതിയിലായി. ശരീരം രോമാഞ്ചമണിഞ്ഞു. അല്പമായി വിറയലും വിയർപ്പും തോന്നി. തുളസീഗന്ധം അവിടമാകെ വ്യാപിച്ചു. ഓടക്കുഴൽ നാദം കേട്ടു. ഞാൻ എല്ലാം മറന്നു. അന്തഃകരണ പ്രേരണകൊണ്ട് ഞാൻ കണ്ണുതുറന്നു. ഞാൻ ശ്രീകൃഷ്ണനെ എന്റെ മുമ്പിൽ നില്ക്കുന്നതായി കണ്ടു. ഒന്ന് ആലിംഗനം ചെയ്യാൻ, ഒന്നു നമസ്കരിക്കുവാൻ ഞാൻ മുമ്പോട്ട് ആഞ്ഞു. ഭഗവാൻ തൊടാവുന്ന ദൂരത്തിലാണെന്ന് തോന്നി. എങ്കിലും എനിക്ക് ആ പൂമേനി തൊടാൻ കഴിഞ്ഞില്ല. ഞാനാകെ തളർന്നുപോയി. പിന്നീടൊന്നും ഞാനറിഞ്ഞില്ല. ഇപ്പോഴും ആ മനോഹരരൂപം ഞാൻ കാണുന്നു. ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ നാണു വിയർത്തു കഴിഞ്ഞു. ധാരധാരയായി മിഴിനീരൊഴുകുകയായി. കൃഷ്ണപണിക്കരും മറ്റ് വൃദ്ധജനങ്ങളും 'ഹരേ രാമ ഹരേ രാമ, രാമ രാമ രാമ ഹരേ ഹരേ ഹരേ, ഹരേ കൃഷ്ണ ഹരേ കൃഷ്ണ, കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ ഹരേ' എന്നു ജപിക്കുകയും നാണുവിന്റെ അത്ഭുത ദർശനത്തിലും അനുഭവത്തിലും ആശ്ചര്യപ്പെടുകയും ചെയ്തു. നാണുവിന്റെ ഭാഗ്യത്തിൽ ആശാൻ സന്തോഷിച്ചു. നാണു ആ ദിവസം മുഴുവനും ആനന്ദമൂർഛയിൽത്തന്നെ കഴിഞ്ഞു. കൃഷ്ണപ്പണിക്കരും മറ്റു കുടുംബാംഗങ്ങളും അയൽവാസികളും നാണുവിനോട് ബഹു

മാനാദരവ് കാണിച്ചിരുന്നെങ്കിലും, നാണുവിന്റെ ഭക്തിഭാവം തികച്ചും മനസ്സിലാക്കിയിരുന്നില്ല. ഈ സംഭവം അവർക്ക് നാണുവിൽ കൂടുതൽ ഭക്തിയും അടുപ്പവും ഉളവാക്കി.

പിറ്റേ ദിവസം കളരിയിൽ എത്തിയ കുട്ടികൾക്ക് നാണുവിനെ കാണാൻ ധൃതിയായി. നാണു പതിവുപോലെ താൻ പാഠം പറഞ്ഞുകൊടുക്കാറുള്ള കുട്ടികൾക്ക് പാഠം പറഞ്ഞുകൊടുത്തു. ആശാൻ കളരിയിൽ പ്രവേശിച്ച് തന്റെ പീഠത്തിൽ ഉപവിഷ്ടനായി. നാണു മുമ്പിൽ എത്തിയപ്പോൾ ആശാൻ നാണുവിനെ ആപാദചൂഡം നിരീക്ഷിച്ച് ചോദിച്ചു. 'നാണു ഇന്നലെ ഉച്ചയ്ക്കുശേഷം വന്നിരുന്നില്ലല്ലോ?' എന്താ ഉണ്ടായത്? ക്ഷീണമെല്ലാം മാറിയോ. ശ്രീകൃഷ്ണ ദർശനം സാധിച്ചതിൽ ധന്യതയും കൃതാർത്ഥതയും തോന്നി. ആനന്ദപൂരം എങ്ങനെയാണ് ആശാനെ പറഞ്ഞു മനസ്സിലാക്കുക. പറഞ്ഞ് മനസ്സിലാക്കാൻ സാധിക്കാത്ത അനുഭൂതിയെ അക്ഷരമാലയിൽ കോർത്തിണക്കി ഗുരുവിന്റെ മുമ്പിൽ സമർപ്പിക്കാം എന്ന് നാണുവിന് തോന്നി. ആ അനർഘമായ സുവർണ്ണരത്നഹാരം ഇങ്ങനെ ശബ്ദരൂപത്തിൽ പ്രദർശിപ്പിച്ചു. ഗുരുദേവന്റെ തങ്കത്തൂലികയിൽനിന്ന് ലോകത്തിന് ലഭിച്ച ആദ്യത്തെ പദ്യം ഇതാണ്.

ഭൂയോവൃത്തി നിവൃത്തയായ് ഭുവനവും
സത്തിൽ തിരോഭൂതമായ്
പീയൂഷധ്വനി ലീനമായ് ചുഴലവും
ശോഭിച്ചു ദീപപ്രഭ.
മായാമൂടുപടം തുറന്നു മണിരംഗത്തിൽ
പ്രകാശിക്കുമ-
ക്കായാമ്പൂമലർമേനി കൗസ്തുഭമണി-
ഗ്രീവന്റെ ദിവ്യോത്സവം.

തന്റെ ഹൃദയം ഹരിച്ച ശിഷ്യന്റെ അനുഭവവും അനുഭൂതിയും അക്ഷരമാലയിൽ കോർത്ത് ശിഷ്യൻ ആശാന് സമർപ്പിച്ചു. ഇതുകേട്ട ആശാന്റെ കണ്ണുകളിൽനിന്ന് പീയൂഷധാര ഒഴുകി. ശരീരം പുളകമണിഞ്ഞു. ആശാന്റെ കണ്ഠം വിതുമ്പി ഇപ്രകാരം പറഞ്ഞു. 'നാമെല്ലാം സങ്കല്പത്തിലും വാക്കുകളിലുംകൂടി കാണുന്ന സത്യം നാണു സാക്ഷാത്തായി സാക്ഷാത്ക്കരിച്ചിരിക്കുന്നു.' സുകൃതനിധിയായ തന്റെ ശിഷ്യന്റെ അത്ഭുത മഹിമയെ ഓർത്ത് ആശാൻ മനസാ സന്തോഷിക്കുകയും ഹാ.... ഹാ.... അസ്തു. തഥൈവ എന്ന് ആശീർവദിക്കുകയും ചെയ്തു.

ഭൂയോവൃത്തി എന്നാൽ തുടർച്ചയായുള്ള ഇന്ദ്രിയ വ്യാപാരം. ഇന്ദ്രിയ വ്യാപാരങ്ങൾ എല്ലാം നിലച്ചു. മനസ്സ് വിഷയബന്ധംവിട്ട് സ്വകരണത്തിൽ വിലയംകൊണ്ടു. പെട്ടെന്ന് നാനാരൂപമായ ജഗത്തും ഏകമാ

ത്രുമായ കാരണസത്തയിൽ താദാത്മ്യം പ്രാപിച്ചു. അങ്ങനെ സകലതും ശാന്തമായപ്പോഴേക്കും പരമാത്മസാമീപ്യത്തിൽ ആനന്ദനൃത്തം പ്രസരിക്കുകയായി. തുടർന്ന് അനുഭൂതിയിലെത്തിയ പരമാത്മാവിന്റെ ദിവ്യജ്യോതിസ്സ് എങ്ങും പ്രകാശിച്ചു. മായയുടെ ആവരണം നീങ്ങി, മണിരംഗത്തിൽ പ്രകാശിക്കുന്ന ശ്രീകൃഷ്ണ പരമാത്മാവിനെ കണ്ട് ദിവ്യമായ ഉത്സവത്തെ അനുഭവിച്ചു.

മലയാളത്തിൽ ഗുരുദേവൻ രചിച്ച വൈഷ്ണവ സ്തോത്രമാണ് ശ്രീകൃഷ്ണ ദർശനം. ഇത് ഒരു ഒറ്റ ശ്ലോകമാണെങ്കിലും അത് പകർന്നു തരുന്ന അനുഭൂതി അനന്യമാണ്. ഗുരു അനുഭവിച്ച അനുഭൂതി ഓരോ പദത്തിലും നിറഞ്ഞുനില്ക്കുന്നു. താമരപ്പൂവിലിരുന്ന് തേൻ കുടിക്കുന്ന വണ്ടിനെപ്പോലെ സ്വയം മറന്ന് നമുക്കും ഈ അനുഭൂതിയുടെ തേൻ ആവോളം നുകരാം എന്നതാണ് ഈ ശ്ലോകത്തിന്റെ മഹത്വം. വലുപ്പത്തിൽ പരിമിതമെങ്കിലും ശ്ലോകത്തിന്റെ അർത്ഥവും അനുഭൂതിയും ആനന്ദവും അപാരം.

ഭൂയസ്സ് എന്നാൽ വീണ്ടും, ആവർത്തിച്ച് എന്നെല്ലാം അർത്ഥം. വൃത്തി എന്നാൽ ഇന്ദ്രിയ വ്യാപാരങ്ങൾ, നിവൃത്തയായ് എന്നാൽ മോചിപ്പിക്കപ്പെട്ടു അഥവാ നിലച്ചു. ആവർത്തിച്ചുവരുന്ന ഇന്ദ്രിയ വ്യാപാരങ്ങൾ എല്ലാം നിലച്ചു എന്നാണ് ഭൂയോവൃത്തി നിവൃത്തയായ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ആവർത്തിച്ചുവരുന്ന വൃത്തികളാണ് മനസ്സ്. വെള്ളത്തിൽ വീഴുന്ന കല്ല് അതിന് ചുറ്റും ഓളങ്ങൾ ഉയർത്തുംപോലെ ഓരോ അനുഭവങ്ങളും മനസ്സിൽ പല ഓളങ്ങളും തീർക്കുന്നു. അതായത് ഓരോ അനുഭവത്തെ ചുറ്റിയും നിരവധി വൃത്തികൾ ഉണ്ടാകുന്നു. വൃത്തികൾ നിലച്ചാൽ മാത്രമേ ഏകാഗ്രത കിട്ടുകയുള്ളൂ. ഏകാഗ്രതയോടുകൂടി മനസ്സ് ശമിച്ചു എന്നർത്ഥം.

ഭുവനം ചുറ്റുമുള്ള പ്രപഞ്ചമാണ്. അത് പ്രപഞ്ചപ്പൊരുളായ സത്തിൽ മറഞ്ഞു. പ്രപഞ്ചാനുഭവം ഇല്ലാതെയായി. മായയാലാണ് പ്രപഞ്ചാനുഭവം ഉണ്ടാകുന്നത്. യഥാർത്ഥ സത്തയെ മറക്കുകയും, അതിനെ മറ്റൊന്നായി വിക്ഷേപിക്കുകയും ചെയ്യുന്നത് മായയുടെ ധർമ്മമാണ്. ഒരേ സത്തയെ പലതാക്കി പ്രകടമാക്കുന്നതും മായയാണ്. പ്രപഞ്ചാനുഭവം വെറും തോന്നൽ മാത്രം. ജനിക്കുക, പരിണമിക്കുക, ജീർണ്ണിക്കുക, നശിക്കുക എന്നീ പ്രകാരമുള്ള യാതൊരവസ്ഥകളുമില്ലാത്ത നിത്യസത്യമാണ് സത്ത്. ആ സത്തിൽ മനസ്സും പ്രപഞ്ചാനുഭവങ്ങളും എല്ലാംതന്നെ മറഞ്ഞു.

പീയൂഷം - അമൃത്. ലീനമായി - ലയിച്ചുചേർന്നു. ചുഴലവും - ചുറ്റും. ശോഭിച്ചു - പ്രകാശിച്ചു. ദീപപ്രഭ - ദീപത്തിന്റെ പ്രകാശം. വാസനകളെ നിയന്ത്രിക്കുക എന്നതിലൂടെ ആത്മസ്വരൂപ പ്രകാശനം സാധിക്കും

എന്നതാണല്ലോ യോഗശാസ്ത്രത്തിന്റെ അടിസ്ഥാനം. വികാര സങ്കല്പ സ്വരൂപമായ മനസ്സ് ഏകാഗ്രമാകുമ്പോഴാണ് കുണ്ഡലിനീശക്തി ഉണരുന്നത്. പ്രാണായാമത്തിൽ രേചകപൂരക കുംഭങ്ങളെക്കൊണ്ട് നാഡികൾ ശുദ്ധീകരിക്കുമ്പോൾ മൂലാധാരചക്രത്തിൽ കുണ്ഡലിനി എന്ന പേരുള്ള ഒരു ശക്തിവിശേഷം ഉണരുന്നു എന്ന് യോഗിമാർ അവരുടെ അനുഭവത്തിൽക്കൂടി പറഞ്ഞിട്ടുണ്ട്. വികാര സങ്കല്പ സ്വരൂപമായ മനസ്സ് ഏകാഗ്രപ്പെട്ടു മറയുന്നതോടെയാണ് പ്രാണസ്വരൂപണിയായ കുണ്ഡലിനി ഉണരുന്നത്. ഈ കുണ്ഡലിനി മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരകം, അനാഹതം, വിശുദ്ധി, ആജ്ഞാ എന്നീ ഷഡാധാരങ്ങളിലൂടെ പ്രസരിച്ച് മസ്തിഷ്ക്കത്തിലെ സഹസ്രാരത്തിൽ എത്തിച്ചേരുന്നു. ഓരോ ആധാരങ്ങളിലൂടെയും കുണ്ഡലിനി പ്രസരിക്കുമ്പോൾ നിഗൂഢമായ ദൃശ്യങ്ങളും ഗന്ധങ്ങളും ശബ്ദങ്ങളും യോഗികൾക്ക് അനുഭവപ്പെടുമെന്ന് പറയുന്നു.

ഇതിൽ അനാഹത ചക്രത്തിൽ കുണ്ഡലിനി എത്തുമ്പോൾ പലതരത്തിലുള്ള ധ്വനികൾ (ശബ്ദങ്ങൾ) കേൾക്കാൻ സാധിക്കുന്നു.

സരേചപൂരൈരനിലസ്യ കുംഭൈഃ
സർവ്വാസു നാഡീഷു വിശോധിതാസു
അനാഹതാഖ്യോ ബഹുഭിഃ പ്രകാരൈഃ
അന്തഃ പ്രവർത്തതേ സദാ നിനാദഃ

-യോഗതാരാവലി

രേചക പൂരക കുംഭങ്ങളെക്കൊണ്ട് നാഡികളെല്ലാം ശുദ്ധീകരിക്കപ്പെടുന്നതോടെ അനാഹതം എന്ന പ്രസിദ്ധമായ ധ്വനി പലവിധത്തിലും ഉള്ളിൽ കേൾക്കാൻ സാധിക്കും. പലവിധത്തിലുള്ളവ എന്തൊക്കെയാണെന്ന് ശങ്കര ശിഷ്യനായ സുരേശ്വരാചാര്യൻ ദക്ഷിണാമൂർത്ത്യുപനിഷദ് വ്യാഖ്യാനത്തിൽ ഇപ്രകാരം വിവരിക്കുന്നു.

പ്രാണേ സുഷുമ്നാം സംപ്രാപ്തേ
നാദോऽന്തഃ ശ്രൂയതേऽഷ്ടധാ
ഘണ്ഡാദുന്ദുഭിശംഖാബ്ധി-
വീണാവേണ്വാദിതാളവത്

പ്രാണൻ സുഷുമ്നാ നാഡിയിൽ പ്രവേശിക്കുന്നതോടെ എട്ടു വിധം നാദങ്ങൾ ഉള്ളിൽ കേൾക്കാറാകുന്നു. മണിമുഴക്കം, പെരുമ്പറ നാദം, ശംഖധ്വനി, കടലിന്റെ ഇരമ്പൽ, വീണാനാദം, വേണുനാദം തുടങ്ങിയവ. ഈ നാദങ്ങളിൽ മനസ്സ് ഏകാഗ്രപ്പെട്ടു രമിക്കുന്നു. നാദമദ്ധ്യത്തിൽ

പല വസ്തുക്കളും തെളിഞ്ഞുകാണുന്നു.

ഈ ഗാഢാനുഭവം തന്നെയാണ് 'പീയൂഷധ്വനി ലീനമായ് ചുഴലവും ശോഭിച്ച ദീപപ്രഭ' എന്ന വരികളിലൂടെ ഗുരുദേവൻ ആവിഷ്കരിച്ചിരിക്കുന്നത്. അജ്ഞതയുടെ മൂടുപടം മാറിയാലെ പരമാർത്ഥ ദർശനം സാദ്ധ്യമാകുകയുള്ളൂ. ഇവിടെ ശ്രീകൃഷ്ണപരമാത്മാവിന്റെ ദർശനം ഗുരുദേവന് സാദ്ധ്യമായി എന്നു മനസ്സിലാക്കാം.

മണിരംഗത്തിൽ പ്രകാശിക്കുന്ന രൂപത്തിലാണ് ഗുരുദേവൻ ദിവ്യോത്സവം ദർശിക്കുന്നത്. മണിരംഗം എന്നത് യോഗസംബന്ധമായ ഒരു സാങ്കേതിക പദമാണ്. ആജ്ഞാചക്രത്തിന്റെ മുകൾഭാഗത്ത് മോക്ഷപ്രദമായ ജലന്ധരപീഠമുണ്ട്. പരിഷോഡദളപത്മം. അതിന് ഊർദ്ധ്വമുഖമായി സ്ഥിതിചെയ്യുന്നു. ഷോഡശദള പത്മത്തിന്റെ കർണ്ണികാമദ്ധ്യത്തിൽ ത്രികുടാകാരമായി പൂർണ്ണഗിരിപീഠമെന്ന മണിസൗധം ശോഭിക്കുന്നു. പൂർണ്ണഗിരിയാകുന്ന രത്നസൗധമാണ് മണിരംഗം. അവിടെയാണ് കൗസ്തുഭരത്നമണിഞ്ഞ കഴുത്തോടുകൂടിയ കായാമ്പൂ മലർമേനിയുള്ള ശ്രീകൃഷ്ണപരമാത്മാവിന്റെ ദിവ്യോത്സവം ഗുരുദേവൻ ദർശിച്ചത്. കൗസ്തുഭരത്നം കഴുത്തിലണിഞ്ഞവനാണ് ശ്രീകൃഷ്ണൻ. കായാമ്പൂപോലെ കറുത്തതും മൃദുലവുമായ ശരീരത്തോടുകൂടിയവനുമാണ്. അങ്ങനെയുള്ള ശ്രീകൃഷ്ണന്റെ ദർശനത്തെ ഒരു ദൈവികമായ ഉത്സവമായിട്ടാണ് ഗുരു വിശേഷിപ്പിക്കുന്നത്. ഉത്സവ ശബ്ദത്തിന്റെ അർത്ഥം ഇപ്രകാരം പറയുന്നു. 'ഉത്സുതേ ഹർഷം ഇത്യേഷഃ ഉത്സവഃ പരികീർത്ത്യതേ.' ഹർഷത്തെ (സന്തോഷത്തെ) ജനിപ്പിക്കുന്നത് ഉത്സവം.

ഭക്തിയും യോഗവും ഒരുപോലെ ചാലിച്ച് എഴുതിയ മനോഹരമായ കാവ്യചിത്രമാണ് ഗുരുവിന്റെ ശ്രീകൃഷ്ണ ദർശനം. മഞ്ഞുതുള്ളിയിൽ ജ്വലിക്കുന്ന സൂര്യനെപ്പോലെ ഈ കാവ്യനീഹാരത്തിൽ പരമാത്മചൈതന്യം തുളുമ്പുന്നു. ഒരേസമയം ഭക്തനും യോഗിയും കവിയും ആയിരുന്നു ഇതിന്റെ കർത്താവെന്ന് ഈ കാവ്യശില്പം നിശ്ശബ്ദം ഉദ്ഘോഷിക്കുന്നു. വിടർന്നു നില്ക്കുന്ന ഒരു നാലിതൾപൂപോലെ മനോഹരമാണ് അതിന്റെ കാവ്യരൂപം. മധുരമാണ് അതിനകത്ത് ഒളിപ്പിച്ചുവച്ചിട്ടുള്ള ഭക്തിയുടെ മധു. ഒപ്പംതന്നെ അതീവ ഹൃദ്യമാണ്. അതിൽനിന്നും നുകരാനാകുന്ന ആത്മഗന്ധം.

പല പാഠഭേദങ്ങളും ഈ പദ്യത്തിന് കാണുന്നുണ്ട്. കോട്ടുകോയിക്കൽ വേലായുധന്റെ 'ശ്രീനാരായണ ഗുരുവും ശിഷ്യന്മാരും' എന്ന ഗ്രന്ഥത്തിൽ പണ്ഡിറ്റ് കെ.കെ. പണിക്കരുടെ വ്യാഖ്യാനത്തോടെ ഈ പദ്യം ചേർത്തുകാണുന്നു. അതിൽ ഭ്രൂയോവൃത്തി നിവർത്തയായ് എന്നും പീയൂ

ഷത്തിൽ നിലീനമായ് എന്നും ശോഭിച്ച ദിവ്യപ്രഭ എന്നും പാഠവ്യത്യാസം കാണുന്നുണ്ട്. പീയൂഷത്തിൽ നിലീനമായ് എന്ന് കെ. സുരേന്ദ്രന്റെ 'ഗുരു' എന്ന നോവലിൽ ഈ പദ്യം ചേർത്തു കാണുന്നു. ഭ്രുയോവൃത്തി നിവൃത്തയായ് എന്ന സ്ഥലത്ത് നിവൃത്തയായ് എന്നും പാഠഭേദമുണ്ട്.

ഈ പദ്യം നിത്യവും സൂര്യോദയത്തിനുമുമ്പ് അർത്ഥം മനസ്സിലാക്കി പാരായണം ചെയ്യുന്നവർക്ക് ശ്രീകൃഷ്ണഭക്തിയും ഗുരുദേവഭക്തിയും വർദ്ധിക്കും എന്നത് ഇതിന്റെ മഹത്വമാണ്. 21 ദിവസം തുടർച്ചയായി പാരായണം ചെയ്താൽ മാനസികവും ബുദ്ധിപരമായും ഉയരാൻ സാധിക്കും. 108 ദിവസം തുടർച്ചയായി പാരായണം ചെയ്താൽ ആദ്ധ്യാത്മിക പുരോഗതി എളുപ്പം സാധിക്കും.

# ശംഖിന്റെ മഹത്ത്വവും സവിശേഷതകളും

സമ്പാദകൻ : ജ്യോതിഷ്

അഥ ശംഭുർഹരേ ശൂലം ജഗ്രാഹ ദാനവം പ്രതി
ശൂലം ച ഭ്രമണം കൃത്വാ പപാത ദാനവോപരി
സഃ ശിവസ്തേന ശൂലേന ദാനവസ്യാസ്ഥിജാലകം
അസ്ഥിഭിഃ ശംഖചൂഡസ്യ ശംഖജാതിർബഭ്രുവ ഹ

## ശംഖിന്റെ ഉല്പത്തി

ബ്രഹ്മവൈവർത്തപുരാണത്തിലെ പ്രകൃതിഖണ്ഡത്തിലെ 18-ാം അദ്ധ്യായത്തിലെ ഈ ശ്ലോകം ശംഖിന്റെ ഉല്പത്തിയെ പ്രസ്താവിക്കുന്നു. വിഷ്ണുവിന്റെ ശൂലംകൊണ്ട് ശിവൻ ശംഖചൂഡൻ എന്ന അസുരനെ വധിച്ചുവെന്നും ആ അസുരന്റെ അസ്ഥികളിൽനിന്നും ശംഖജാതി ഭൂമിയിൽ ഉണ്ടായി എന്നും പറയുന്നു. ശം (സുഖം) ഖനതി (ജനയതി) ഇതി ശംഖഃ എന്ന വ്യുൽപത്തിപ്രകാരം സുഖം ഉണ്ടാക്കുന്നതെന്നും ശമയതി ദുഃഖം ജനാനാം ഇതി ശംഖഃ എന്ന വ്യുൽപത്തിപ്രകാരം ദുഃഖത്തെ ശമിപ്പിക്കുന്നതെന്നും അർത്ഥം പറയാം. ദുഃഖത്തെക്കളഞ്ഞ് സുഖത്തെ ഉണ്ടാക്കുന്നത് അഥവാ അലക്ഷ്മിയെ ശമിപ്പിക്കുന്നത് എന്ന അർത്ഥം അമരകോശവ്യാഖ്യാനമായ പാരമേശ്വരിയും പറയുന്നു.

## വൈവിധ്യം

ശംഖിന്റെ വൈവിധ്യം അതിന്റെ വലുപ്പത്തിലും ആകൃതിയിലുമാണ്. ഒരിടങ്ങഴി വെള്ളം ഉൾക്കൊള്ളുവാൻ തക്ക വലുപ്പമുള്ള ശംഖിനെ

ശ്രേഷ്ഠമെന്ന് പറയുന്നു. മുക്കാൽ ഇടങ്ങഴി വെള്ളം കൊള്ളുന്ന ശംഖ് സർവ്വകനെന്നും അര ഇടങ്ങഴി വെള്ളം കൊള്ളുന്ന ശംഖ് മദ്ധ്യനെന്നും കാൽ ഇടങ്ങഴി വെള്ളം കൊള്ളുന്ന ശംഖ് കനിഷ്ഠനെന്നുമാണ് വ്യത്യാസം. ആകൃതിയിലുള്ള വ്യത്യാസത്താൽ ഇടംപിരി, വലംപിരി എന്നിങ്ങനെ ശംഖിന് ദ്വൈവിധ്യമുണ്ട്. സ്കന്ദപുരാണം ശംഖിന്റെ ഈ വ്യത്യാസത്തെ ഇപ്രകാരം പറയുന്നു :

"വിശാലാഗ്രം മദ്ധ്യസൂത്രം
പൃഷ്ഠേ ദീർഘം തഥൈവ ച
വാമാവർത്തം ച വിജ്ഞേയം
സർവ്വസിദ്ധിപ്രദായകം"

## ശംഖും ദേവതമാരും

ശംഖിൽ ദേവതമാർ വർത്തിക്കുന്നു. സൂര്യൻ, ചന്ദ്രൻ, വരുണൻ, ബ്രഹ്മാവ് എന്നീ ദേവതമാരും വേദങ്ങളും ഗംഗ, സരസ്വതി എന്നീ നദികളും സ്ഥിതിചെയ്യുന്നതായി പറയുന്നു. പരശുരാമകല്പസൂത്രത്തിൽ ശംഖിന്റെ ഊറുന്ന ഭാഗത്ത് ചന്ദ്രനും അകത്ത് വരുണനും പുറകുവശത്ത് പ്രജാപതിയും അഗ്രഭാഗത്ത് ഗംഗയും സരസ്വതിയും സ്ഥിതിചെയ്യുന്നതായി പറയുന്നു. അത് ഇപ്രകാരമാണ് :

ശംഖാദൗ ചന്ദ്രദൈവത്യം കുക്ഷൗ വരുണദേവതാ
പൃഷ്ഠേ പ്രജാപതിശ്ചൈവ അഗ്രേ ഗംഗാ സരസ്വതീ

## ശംഖിന്റെ ഉപയോഗം

ശംഖിന്റെ പൃഷ്ഠഭാഗം നിലത്ത് തൊടുവിക്കരുത്. ശംഖപൂരണസമയത്ത് ഉദ്ധരണികൊണ്ട് വെള്ളം എടുത്ത് ശംഖിൽ ഒഴിക്കുകയാണ് വേണ്ടത്. മറിച്ച് ശംഖ് വെള്ളത്തിൽ മുക്കി വെള്ളം നിറയ്ക്കുവാൻ പാടില്ല. ശംഖിന്റെ പൃഷ്ഠഭാഗം നിലം സ്പർശിച്ചാൽ അതുകൊണ്ടുള്ള അഭിഷേകം പാപകർമ്മമായി ഭവിക്കും. ശംഖിന്റെ പൃഷ്ഠഭാഗത്തെ അശുദ്ധി നീക്കാനായിരിക്കും സ്വർണ്ണം വെള്ളി എന്നിവ കൊണ്ട് കെട്ടുന്നത്. വിധാന പാരിജാതമെന്ന ഗ്രന്ഥത്തിൽ ഇത് കാണാം. അതുകൊണ്ടുമായിരിക്കാം യാതൊരാളാണോ വെറും നിലത്ത് വച്ച് ശംഖ് പൂരണം നടത്തുന്നത് അയാളുടെ പൂജ ഫലിക്കുകയില്ല എന്ന് പറയുന്നത്. വിധാനപാരിജാത ഗ്രന്ഥോക്തമായ ഈ ശ്ലോകം ശ്രദ്ധിക്കുക :

യഃ ശംഖം ഭുവി സംസ്ഥാപ്യ പൂജയേത് പുരുഷോത്തമം
തസ്യ പൂജാം ന ഗൃഹ്ണാതി തസ്മാത് പീഠം പ്രകല്പയേത്.

അതുകൊണ്ട് പൂജാസമയത്ത് ശംഖ് പീഠത്തിൽ വയ്ക്കണം. നാലിൽ ഒരു ഭാഗം വെള്ളം ചേർത്ത മോരും ഉമിയും കൂടിയ മിശ്രിതമുപയോഗിച്ച് ശംഖ് ഉരച്ച് മാലിന്യം നീക്കണം. അതിനുശേഷം വെള്ളം കൊണ്ട് കഴുകണം. ശംഖ് വൃത്തിയാക്കുന്നതിന് സോപ്പ് മുതലായ വസ്തുക്കൾ ഉപയോഗിക്കുന്നത് ഒഴിവാക്കണം.

## ശംഖ് പൂജാർഹം

ശംഖ് പൂജയ്ക്കുള്ള സാമഗ്രിയും പൂജിയ്ക്കപ്പെടുവാൻ യോഗ്യവുമാണ്. വീരമിത്രോദയമെന്ന ഗ്രന്ഥത്തിൽ പറയുന്നത് നോക്കു "ദർശനാദേവ ശംഖസ്യ കിം പുനഃ സ്പർശനേ കൃതേ. വിലയം യാന്തി പാപാനി ഹിമവത് ഭാസ്കരോദയേ" സൂര്യനുദിക്കുമ്പോൾ മഞ്ഞു എപ്രകാരമാണോ ഇല്ലാതെ പോകുന്നത് അപ്രകാരം ശംഖിനെ കാണുമ്പോൾത്തന്നെ പാപങ്ങൾ നശിക്കുമെങ്കിൽ സ്പർശിക്കുമ്പോഴുള്ള അവസ്ഥ പറയാനുണ്ടോ എന്ന്. ഈ ശ്ലോകത്തിന്റെ സാരം ശംഖിന്റെ മഹിമ പറയുന്നു. ശംഖിനെ പൂജിക്കുവാനും സ്തുതിക്കുവാനുമുള്ള മന്ത്രം യജുർവ്വേദീയ ആഹ്നികസൂത്രാവലിയിൽ ഇപ്രകാരം കാണാം : "ത്വം പുരാ സാഗരോത്പന്നാ വിഷ്ണുനാ വിധൃതഃ കരേ. നിർമ്മിതഃ സർവ്വദേവൈശ്ച പാഞ്ചജന്യ നമോസ്തു തേ" പൂജിയ്ക്കപ്പെടുവാൻ യോഗ്യമായ ശംഖ് വലംപിരിയാണ്.

## ശംഖാഭിഷേകം

ശിവം ഗവയശൃംഗേണ കേശവം ശംഖവാരിണാ
വിഘ്നാർക്കൗ താമ്രപാത്രേണ സ്വർണ്ണേന ജഗദംബികാം

ഓരോ ദേവതകളുടേയും അഭിഷേകം നടത്തേണ്ടത് ഓരോ പാത്രങ്ങളെ കൊണ്ടാണ്. ശിവന് കാളയുടെ കൊമ്പ് കൊണ്ടുള്ള പാത്രം, വിഷ്ണുവിന് ശംഖ്, ഗണപതിയ്ക്കും സൂര്യനും ചെമ്പ് പാത്രം,ദേവിക്ക് സ്വർണ്ണ പാത്രം എന്നിങ്ങനെ. ഇതിൽ നിന്ന് വിഷ്ണുവിന്റെ അഭിഷേകത്തിന് ശംഖാണുപയോഗിയ്ക്കുക എന്ന് മനസ്സിലാക്കാം. വിഷ്ണുവിന് ശംഖാഭിഷേകം നടത്തിയാലുള്ള ഫലം ബ്രഹ്മാണ്ഡപുരാണത്തിൽ ഈ വിധം പറയുന്നു. "ശംഖസ്ഥിതേന തോയേന യഃ സ്നാപയതി കേശവം. കപിലായാഃ സഹസ്രസ്യ ഫലം പ്രാപ്നോതി മാനവഃ." വിഷ്ണുവിന് ഒരു പ്രാവശ്യം ശംഖാഭിഷേകം നടത്തിയാൽ സ്വർണ്ണ നിറമുള്ള ആയിരം പശുക്കളെ ദാനം ചെയ്താലുള്ള ഫലം കിട്ടും എന്നാണിതിൽ പറയുന്നത്. വലംപിരി ശംഖിനെ പൂജിക്കണമെന്നും ഇടംപിരിശംഖ് കൊണ്ട് ശംഖപൂരണാദി ക്രിയകൾ നടത്തണമെന്നും പറയുന്നു. അതേസമയം വലംപിരിശംഖ് കൊണ്ട് വിഷ്ണുവിന് അഭിഷേകം ചെയ്താൽ ഉടൻ തന്നെ അഭിഷേകം ചെയ്താളുടെ ഏഴു ജന്മങ്ങളിലെ പാപങ്ങൾ നശിക്കുമെന്ന് ആഹ്നികാചാ

രതത്ത്വം പറയുന്നു. അത് ഇങ്ങനെ : "ദക്ഷിണാവർത്ത ശംഖസ്യ തോയേന യോർച്ചയേത്. സപ്തജന്മകൃതം പാപം തത്ക്ഷണാദേവ നശ്യതി."

## പുരാണനിഷിദ്ധമായ ശംഖാഭിഷേകം കേരളത്തിൽ ദേശാചാരം

ശിവനെയും സൂര്യനെയും ശംഖുകൊണ്ട് അഭിഷേകം നടത്താൻ പാടില്ല എന്ന് പരശുരാമകല്പസൂത്രത്തിലും (മഹാഭിഷേകം സർവ്വത്ര ശംഖേനൈവ പ്രകല്പയേത് സർവ്വത്രൈവ പ്രശസ്തോബ്ജഃ ശിവസൂര്യാർച്ചനം വിനാ) മഹോദധിയിലും (വിഹായ ശങ്കരം സൂര്യം അർഘ്യേ ശംഖഃ പ്രശസ്യതേ) കാണുന്നു. മഴ എറിഞ്ഞു കടലിൽനിന്ന് വീണ്ടെടുത്തതാകയാൽ പവിത്രത കുറയുമെന്ന് കണ്ടതായ പരശുരാമൻ 108 ശിവാലയങ്ങളും 108 ദുർഗ്ഗാലയങ്ങളും കേരളക്കരയിൽ പ്രതിഷ്ഠിച്ചുകൊണ്ട് ഈ ഭൂമിയെ ശിവശക്തിമണ്ഡലമാക്കി. ഒരോ ക്ഷേത്രങ്ങളിലും ഓരോ ആചാരങ്ങൾക്ക് പ്രാധാന്യം കൊടുക്കണമെന്ന് നിഷ്കർഷിച്ച പരശുരാമൻ താഴമൺ, തരണനെല്ലൂർ, കുഴിക്കാട്ട് തുടങ്ങിയ പന്ത്രണ്ടോളം കുടുംബകാർക്ക് തന്ത്രിസ്ഥാനം കല്പിച്ചു നൽകി. എല്ലാ ക്ഷേത്രങ്ങളിലും വ്യത്യസ്താചാരങ്ങൾ വന്നപ്പോൾ പൂജയ്ക്ക് മുമ്പായി ശംഖപൂരണക്രിയയും നിലവിൽ വന്നു. ശംഖപൂരണക്രിയചെയ്യുന്നതോടുകൂടി പുരാണത്തിൽ ദോഷം കല്പിക്കുന്ന ശംഖും അതിലെ ജലവും ശുദ്ധീകരിയ്ക്കപ്പെടുന്നു. ശംഖപൂരണക്രിയയ്ക്കുശേഷം അതിലെ തീർത്ഥത്തിന് കേരളക്കരയിൽ പ്രാധാന്യം കല്പിക്കുമ്പോൾ പരദേശികർ ശംഖപൂരണത്തിനുതന്നെ വൈശിഷ്ട്യം കല്പിക്കുന്നില്ല. തൃപ്പങ്ങോട്ട്, വൈക്കം, തൃക്കാരിയൂർ എന്നീ ശിവക്ഷേത്രങ്ങളിൽ ശംഖാഭിഷേകത്തിന് വലിയ മഹത്ത്വം നൽകുന്നു.

# തന്ത്രശാസ്ത്രത്തിന് ഒരു ആമുഖം

സി.എം. കൃഷ്ണനുണ്ണി

## ആഗമം, നിഗമം, ഗുരു

ആഗമങ്ങളും നിഗമങ്ങളുമാണ് തന്ത്രശാസ്ത്രത്തിന്റെ ആധാരം. ശിവൻ ദേവിയ്ക്ക് ഉപദേശിക്കുന്ന രീതിയിലാണ് ആഗമങ്ങളുടെ ഘടന. ദേവിയാൽ ഉപദേശിക്കപ്പെടുന്നവയാണ് നിഗമങ്ങൾ. കുലചൂഡാമണീ നിഗമം മാത്രമേ ഈ ഇനത്തിൽപെട്ടതായി ഇന്നുള്ളു. നിഗമങ്ങളിൽ പലപല രഹസ്യവിധികളും അടങ്ങിയിരിക്കുന്നു.

യോഗശാസ്ത്രം, മന്ത്രശാസ്ത്രം, യന്ത്രവിധികൾ, ബലി, പൂജ എന്നിവ താന്ത്രികസാധനയുമായും താന്ത്രികസംസ്കാരവുമായും വളരെ ബന്ധപ്പെട്ടിരിക്കുന്നു. താന്ത്രികന്റെ ജീവിതലക്ഷ്യംതന്നെയാണ് യോഗിയുടെതുമെന്ന് പറയുമ്പോൾ ഇന്ന് കൂണുപോലെ എല്ലായിടത്തും മുളച്ചുകാണുന്ന യോഗാസന പരിശീലനകേന്ദ്രങ്ങളിലൂടെ പ്രചരിക്കപ്പെടുന്നതിനെയല്ല ഉദ്ദേശിക്കുന്നത്.

കമ്പോളസംസ്കാരം തന്ത്രത്തെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഗുരുസങ്കല്പംതന്നെയാണ് ഈ പ്രാതികൂല്യത്തിന് ഏറെ ഇരയായിത്തീർന്നിരിക്കുന്നത്. തന്ത്രശാസ്ത്രം അതുല്യമായ സ്ഥാനമാണ് ഗുരുവിന് കല്പിച്ചിരിക്കുന്നത്. ലക്ഷ്യത്തിലേയ്ക്ക് ഗുരു നിശ്ചയിക്കുന്നതാണ് സാധകനെ സംബന്ധിച്ചിടത്തോളം അവലംബനീയമായ ഏക മാർഗ്ഗം. ഓരോ ശിഷ്യനെയും സസൂക്ഷ്മം പഠിച്ച് അയാൾക്ക് പറ്റിയ മന്ത്രവും ഉപാസനാമാർഗ്ഗവും സിദ്ധാരിചക്രം ഉപയോഗിച്ചോ അല്ലാതെയോ ഗുരുവാണ് നിശ്ചയിക്കുക. ഗുരുവിന്റെ യോഗ്യതകൾ എന്തെല്ലാമായിരിക്കണമെന്ന് ശ്രീവിദ്യാർണ്ണവം, കുളാർണ്ണവം, ത്രിപുരാർണ്ണവം, കുളചൂഢാമണീ നിഗമം, തന്ത്രസാരം എന്നീ ഗ്രന്ഥങ്ങളിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

ഗുരു സുന്ദരനും സുമുഖനും ധീരനും കൃപാലുവുമായിരിക്കണം. അദ്ദേഹം സ്വച്ഛനും സുലഭനുമായിരിക്കണം (സ്വസ്ഥചിത്തനും പ്രസന്നനും എളുപ്പത്തിൽ ശിഷ്യന് ചെന്നുകാണുവാൻ സാധിക്കുന്നവനുമായിരിക്കണം). അനവധി മന്ത്രങ്ങളെക്കുറിച്ച് അറിവുള്ളവനും സംശയരഹിതനുമായിരിക്കണം. ഏതു സംശയവും തീർത്തുകൊടുക്കുവാൻ കഴിവുള്ളവനായിരിക്കണം. നിരപേക്ഷനും അനവദ്യരൂപനും സ്മേരപൂർവ്വ അഭിഭാഷിതനുമായിരിക്കണം ഗുരു. മന്ത്രയന്ത്രാദിപാരംഗതനായിരിക്കുന്ന ഗുരുവിന് ചപലതയും ഗർവ്വും ഉണ്ടായിരിക്കരുത്. സന്തോഷമുള്ളവനും വിത്തേച്ഛയില്ലാത്തവനും അന്തർമുഖനും ആജ്ഞാസിദ്ധനുമായിരിക്കണം. ത്രികാലജ്ഞൻ, ഭക്തപ്രിയൻ, ശിഷ്യനെ ശാസിക്കുന്നവൻ, അലോലുപൻ, അഹിംസ പാലിക്കുന്നവൻ എന്നീ ഗുണങ്ങളും ഗുരുവിന് ഉണ്ടായിരിക്കണം. ഈ ഗുണങ്ങളെല്ലാമുള്ള ഗുരുവിനെ വേണം ശിഷ്യൻ അന്വേഷിച്ചു കണ്ടെത്തി സ്വീകരിക്കുവാൻ. തന്ത്രത്തിന് ആകർഷണീയത വർദ്ധിച്ചിരിക്കുന്ന ഇക്കാലത്ത് 'പിശ്മി' ഗുരുക്കന്മാർ വേഷവും ജാഡയുമായി എമ്പാടും മുളച്ചുപൊന്തിക്കൊണ്ടിരിക്കുകയാണ്. ശിഷ്യന്മാരുടെ വക കാലുപിടുത്തവും ദക്ഷിണാസമർപ്പണവും മറ്റ് ശുശ്രൂഷകളും സുഖകരവും ലാഭകരവുമായതാവാം ഇതിനു കാരണം. ശിഷ്യർ കാട്ടിക്കൂട്ടുന്നതിന്റെയൊക്കെ ഗുണദോഷങ്ങൾ തനിക്ക് അനുഭവിക്കേണ്ടി വരുമെന്ന യാതൊരു ബോധവുമില്ലാതെയുള്ള ഗുരുവേഷക്കാരുടെ ചെയ്തികൾ അസഹനീയമായിത്തീർന്നിക്കുന്നു എന്നേ മിതമായ ഭാഷയിൽ സൂചിപ്പി

ക്കുന്നുള്ളൂ. ഒരൊറ്റ മന്ത്രമെങ്കിലും പുരശ്ചരണം ചെയ്ത് സിദ്ധിവരുത്താൻ മെനക്കെട്ടിട്ടില്ലാത്തവരും സാധനയുടെ ഫലമായി മാനസികമായോ അനുഭൂതിപരമായോ വീക്ഷണതലത്തിലോ പഴയതിൽനിന്ന് യാതൊരു വ്യത്യാസവും കൈവന്നിട്ടില്ലാത്തവരും ഗുരുവേഷം കെട്ടിയാടുന്നതു കാണുമ്പോൾ ഇത്രയെങ്കിലും പറയാതിരിക്കുന്നതെങ്ങിനെ?

വിഷയത്തിലേക്ക് മടങ്ങാം. 'തനു' എന്ന ധാതുവിൽനിന്നാണ് 'തന്ത്രം' എന്ന പദത്തിന്റെ നിഷ്പത്തി. 'തന്യതേ വ്യാപ്യതേ ഇതി തന്ത്രഃ'. 'തനു' എന്നാൽ ദേഹം. 39 വയസ്സുവരെ പ്രായമായ ദേഹത്തെയാണ് 'തനു' എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ദേഹത്തിന്റെ വളർച്ച അവസാനിക്കുന്നത് 39 വയസ്സോടെയാണ്. അതിനുശേഷം തളർച്ച തുടങ്ങുകയായി. തൈമസ് ഗ്രന്ഥിയിൽനിന്ന് തൈറോക്സിൻ ഉല്പാദിപ്പിക്കപ്പെടുന്നതും ഈ കാലമാവുമ്പോൾ കുറഞ്ഞ് ഇല്ലാതാവുന്നുവല്ലോ. 'തനു' എന്നതുകൊണ്ട് വളർച്ചയും വികാസവും പ്രാപിക്കുന്നത് എന്ന അർത്ഥം തന്ത്രത്തിന് സിദ്ധിക്കുന്നു എന്ന് സൂചിപ്പിക്കുവാനാണ് ഇത്രയും ആനുഷംഗികമായി പറഞ്ഞത്. 'തനു വിസ്താരയതേ ഇതി തന്ത്ര' - വ്യക്തിയുടെ വികാസത്തിന് അവലംബമാക്കാവുന്നത് എന്ന ഒരു അർത്ഥംകൂടി തന്ത്രത്തിന് ഇവിടെ തെളിയുകയാണ്.